2024 DECEMBER
07
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY

e-paper




# സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിച്ചു

**തിരുവനന്തപുരം:** സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വീണ്ടും വർധിപ്പിച്ചു. ഗാർഹിക ഉപയോക്താക്കൾക്കു യൂണിറ്റിന് 16 പൈസയുടെ വർധനയാണ് ഉണ്ടായിരിക്കുന്നത്. വർധന ഇന്നലെ മുതൽ പ്രാബല്യത്തിൽ വന്നു. അടുത്ത വർഷം യൂണിറ്റിന് 12 പൈസ വർധിക്കും. വൈദ്യുതി ബില്ലുകൾ എല്ലാ ഉപഭോക്താക്കൾക്കും മലയാളത്തിൽ നൽകാൻ കെഎസ്ഇബിക്ക് കമ്മിഷൻ നിർദേശം നൽകി. 2016ൽ ഇടതു സർക്കാർ അധികാരമേറ്റതിനു ശേഷം അഞ്ചാം തവണയാണ് വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നത്. 2017, 2019, 2022, 2023 എന്നീ വർഷളിലും താരിഫ് പരിഷ്കരണം നടത്തിയിരുന്നു.വേനൽകാലത്ത് പ്രത്യേക നിരക്ക് ഈടാക്കാൻ അനുവദിക്കണമെന്ന കെഎസ്ഇബിയുടെ ആവശ്യം റെഗുലേറ്ററി കമ്മിഷൻ അംഗീകരിച്ചില്ല. 202526 വർഷത്തേക്ക് സമ്മർ താരിഫ് ഉൾപ്പെടെ



യൂണിറ്റിന് 27 പൈസയുടെ നിരക്കു വർധന ശുപാർശ ചെയ്തെങ്കിലും ശരാശരി 12 പൈസയുടെ നിരക്കു വർധന മാത്രമേ കമ്മിഷൻ അംഗീകരിച്ചുള്ളു. 202627 വർഷത്തേക്ക് സമ്മർ താരിഫ് ഉൾപ്പെടെ യൂണിറ്റിന് ശരാശരി 9 പൈസയുടെ വർധന ശുപാർശ ചെയ്തെങ്കിലും കമ്മിഷൻ പരിഗണിച്ചില്ല. കണക്ടഡ് ലോഡിനെ അടിസ്ഥാനമാക്കി ഗാർഹിത ഉപയോക്താക്കൾക്ക് ഫിക്സഡ് ചാർജ് ഏർപ്പെടുത്തണമെന്ന കെഎസ്ഇബി നിർദേശവും കമ്മിഷൻ തള്ളി. 1000 വാട്ട് കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റ് വരെ ഉപഭോഗമുള്ളവരുമായ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഗാർഹിക ഉപയോക്താക്കൾക്ക് താരിഫ് വർധന ഇല്ല. അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ തുടങ്ങിയവരുടെ താരിഫ് വർധിപ്പിച്ചിട്ടില്ല.

യൂണിറ്റിന് ഈ വർഷം 34 പൈസയും 202526ൽ 24 പൈസയും 202627ൽ 5.90 പൈസയും വീതം നിരക്കു വർധിപ്പിക്കാനാണു കെഎസ്ഇബി ശുപാർശ നൽകിയിരുന്നത്. വൈദ്യുതി ഉപയോഗം കൂടുന്ന ജനുവരി മുതൽ മേയ് വരെ വേനൽക്കാല താരിഫ് ആയി യൂണിറ്റിന് 10 പൈസ വീതം അധികം ഈടാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. നിരക്കു വർധന സംബന്ധിച്ച് അന്തിമ വിജ്ഞാപനം തയാറാക്കിയ ശേഷം റഗുലേറ്ററി കമ്മിഷൻ കെഎസ്ഇബി അധികൃതരുമായി ചർച്ച നടത്തിയിരുന്നു.

## റിസർവ് ബാങ്ക് നയം പ്രഖ്യാപിച്ചു പലിശ നിരക്കിൽ മാറ്റമില്ല



**മുംബൈ:** റിപ്പോ നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ധന നയം പ്രഖ്യാപിച്ചു. അതേസമയം, ബാങ്കുകളുടെ കരുതൽ ധന അനുപാതം 50 ബേസ് പോയിൻറുകൾ കുറച്ച് നാല് ശതമാനമാക്കിയിട്ടുണ്ട്. വിപണിയിലെ പണലഭ്യത മെച്ചപ്പെടുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.റിസർവ് ബാങ്കിൽ നിന്ന് വാണിജ്യ ബാങ്കുകൾ വാങ്ങുന്ന വായ്പയുടെ പലിശയായ റിപ്പോ നിരക്കിൽ കാൽ ശതമാനം കുറവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ഇതുണ്ടായില്ല. രാജ്യത്തിൻറെ സാമ്പത്തിക മേഖലയ്ക്ക് ഉണർവ് നൽകാൻ റിപ്പോ നിരക്ക് കുറയ്ക്കണമെന്നാണ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമനും വാണിജ്യ മന്ത്രി പിയൂഷ് ഗോയലും നിലപാടെടുത്തിരുന്നത്.

അടിസ്ഥാന നിരക്കുകൾ കുറഞ്ഞാൽ വായ്പാ പലിശകളുടെ നിരക്കിലും വിവിധ ബാങ്കുകൾ ആനുപാതികമായി കുറവ് വരുത്തുമായിരുന്നു.ഒക്റ്റോബറിൽ ചില്ലറ വില സൂചിക അടിസ്ഥാനമായുള്ള നാണയപ്പെരുപ്പം 6.21 ശതമാനമായി ഉയർന്നതാണ് പലിശ നിരക്ക് കുറയ്ക്കുന്നതിന് വിഘാതമായി റിസർവ് ബാങ്ക് കാണുന്നത്. ഇപ്പോഴത്തെ സാഹചര്യത്തിൽ പലിശ കുറച്ചാൽ വിലക്കയറ്റം നിയന്ത്രിക്കാനാകാത്ത സ്ഥിതിയുണ്ടാകുമെന്ന് ആശങ്കയുണ്ട്.

ഉയർന്ന പലിശ നിരക്ക് ഇന്ത്യയുടെ സാമ്പത്തിക വളർച്ചയെ ബാധിക്കുന്നുവെന്നായിരുന്നു ധനമന്ത്രിയുടെയും വാണിജ്യ മന്ത്രിയുടെയും വിലയിരുത്തൽ. ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള മൂന്ന് മാസത്തിൽ വളർച്ചാ നിരക്ക് 5.4 ശതമാനത്തിലേക്ക് മൂക്കുകുത്തുകയായിരുന്നു.

## കുവൈറ്റ് ബാങ്കിന്റെ 700 കോടി തട്ടി; 1425 മലയാളികൾക്കെതിരേ അന്വേഷണം

**കൊച്ചി:** കുവൈറ്റിലെ ബാങ്കിൻറെ ശതകോടികൾ കബളിപ്പിച്ച സംഭവത്തിൽ 1425 മലയാളികൾക്കെതിരേ അന്വേഷണം. ഗൾഫ് ബാങ്ക് കുവൈത്തിൻറെ 700 കോടി രൂപ കബളിപ്പിച്ചെന്നാണ് നിഗമനം. ബാങ്കിൽ നിന്ന് ലോൺ നേടിയശേഷം അവിടെ നിന്ന് മുങ്ങിയവർക്കെതിരെയാണ് അന്വേഷണം. കുവൈറ്റിലെ മിനിസ്ട്രി ഓഫ് ഹെൽത്തിൽ നഴ്സുമാരായി ജോലി ചെയ്തിരുന്ന എഴുനൂറോളം പേർ കുറ്റം ആരോപിക്കപ്പെട്ടവരിൽ ഉണ്ട്.

50 ലക്ഷം മുതൽ 2 കോടി രൂപവരെയാണ് പലരും ലോൺ നേടിയത്. കുവൈത്ത് വിട്ട പലരും പിന്നീട് മറ്റ് രാജ്യങ്ങളിലേക്ക് ചേക്കേറി. സംഭവത്തിൽ കേരളത്തിൽ 10 കേസുകൾ റജിസ്റ്റർ ചെയ്താണ് അന്വേഷിക്കുന്നത്. കബളിപ്പിച്ചെന്ന് തിരിച്ചറിഞ്ഞ 10 പേർക്കെതിരെയാണ് കേസ് എടുത്തത്. ബാങ്ക് അധികൃതർ കേരളത്തിലെത്തി ഉന്നത പൊലീസുദ്യോഗസ്ഥരെ കണ്ടു. പിന്നീട് ഡിജിപി നിർദ്ദേശിച്ച പ്രകാരം കേസെടുക്കുകയായിരുന്നു.

ഒരു മാസം മുൻപാണ് ഗൾഫിൽ നിന്ന് ബാങ്ക് തട്ടിപ്പിൻറെ വിവരം കേരള പൊലീസിനെ അറിയിച്ചത്. കഴിഞ്ഞ മാസം അഞ്ചാം തീയതി ബാങ്ക് പ്രതിനിധികൾ കേരളത്തിലെത്തി സംസ്ഥാന എഡിജിപി മനോജ് എബ്രഹാമിനെ കണ്ടു. തട്ടിപ്പ് നടത്തിയവരുടെ വിലാസമടക്കം നൽകിയാണ് പരാതി. തട്ടിപ്പ് നടത്തിയവരിൽ കുവൈത്തിലെ സർക്കാർ ഉദ്യോഗസ്ഥരായ മലയാളികളുണ്ട്. 202022 കാലത്ത് ബാങ്കിൽ നിന്ന് ചെറിയ ലോൺ എടുത്താണ് തട്ടിപ്പ് തുടങ്ങിയത്. ഈ തുക കൃത്യമായി അടച്ച് പിന്നീട് 2 കോടി രൂപ വരെ വലിയ ലോൺ എടുത്തു. പിന്നീട് ഇവർ കേരളത്തിലേക്കും ഇംഗ്ലണ്ടിലേക്കും കാനഡയിലേക്കും അമേരിക്കയിലേക്കും കുടിയേറി. തിരിച്ചടവ് മുടങ്ങിയതോടെയാണ് ബാങ്ക് അന്വേഷണം തുടങ്ങിയത്. അപ്പോഴാണ് 1425 മലയാളികൾ തങ്ങളെ പറ്റിച്ചുവെന്ന് ബാങ്കിന് മനസിലായത്. തട്ടിപ്പ് നടത്തിയവരിൽ കുറച്ചേറെ പേർ കേരളത്തിലെത്തിയെന്ന് കണ്ടെത്തിയതിൻറെ അടിസ്ഥാനത്തിലാണ് ബാങ്ക് കേരളത്തിലെത്തി പൊലീസിലെ ഉന്നതരെ കണ്ടത്.



സൊസൈറ്റി ടുഡേ
SOCIETY TODAY




വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കൺവെൻഷൻ എകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു. അസീസ് മൂലയിൽ, ജിമ്മി ചകൃത്ത്, അബ്ദുൾ റസാഖ്, അഡ്വ. എ.ജെ റിയാസ്, കെ.എസ് നിഷാദ്, സി. എസ് അജ്മൽ, എം.സി പോൾസൺ, കെ.ടി ജോയ്, ജയാ പീറ്റർ എന്നിവർ മുൻ നിരയിൽ

# വഴിയോരക്കച്ചവടം അവസാനിപ്പിച്ചില്ലെങ്കിൽ പ്രക്ഷോഭം തുടങ്ങും: കെ.വി.വി.ഇ.എസ്

**കൊച്ചി:** ക്രിസ്തുമസ്,പുതുവൽസര ആഘോഷവേളകളിൽ വ്യാപാരികളെ പ്രതിസന്ധിയിലാക്കി നടത്തുന്ന വഴിയോരക്കച്ചവടം അനുവദിക്കരുതെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ആവശ്യപ്പെട്ടു. ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കൺവെൻഷൻ പാലാരിവട്ടം വ്യാപാര ഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വഴിയോരക്കച്ചടവം അവസാനിപ്പിക്കണമെന്നത് ഏകോപന സമിതി ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ്. കൊച്ചിൻ കോർപ്പറേഷനും സർക്കാരും ഇതിനെതിരെ ഇനിയും മൗനം പാലിക്കാനാണ് ഭാവമെങ്കിൽ ശക്തമായ സമരവുമായി വ്യാപാരികൾ രംഗത്തു വരുമെന്നും പി.സി ജേക്കബ്ബ് പറഞ്ഞു. യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ് അധ്യക്ഷത വഹിച്ചു. എറണാകുളം ജില്ലാ ജനറൽ സെക്രട്ടറി അഡ്വ. എ.ജെ റിയാസ് മുഖ്യപ്രഭാഷണം നടത്തി. ട്രഷറർ സി. എസ് അജ്മൽ, വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചകൃത്ത്, ജില്ലാ വൈസ് പ്രസിഡന്റുമാരായ എം.സി പോൾസൺ, അബ്ദുൾ റസാഖ്, അസീസ് മൂലയിൽ, ഷിജു സെബാസ്റ്റൻ, ജില്ലാ സെക്രട്ടറിമാരായ കെ.ടി ജോയ്, ഷാജഹാൻ അബ്ദുൾ ഖാദർ, സി.എസ് രാമചന്ദ്രൻ, എഡ്വേർഡ് ഫോസ്റ്റസ്, ജില്ലാ സെക്രട്ടറിയേറ്റംഗം സാദിഖ് പാടിവട്ടം, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ ,യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി ശ്രീനാഥ് മംഗലത്ത്, യൂത്ത് വിംഗ് ജില്ലാ വൈസ് പ്രസിഡന്റുമാരായ അജ്മൽ കാമ്പായി, പ്രദീപ് ജോസ് തുടങ്ങിയവർ സംസാരിച്ചു.

# ഉന്നത വിദ്യാഭ്യാസ പ്രദർശനം 'മിനി ദിശ 2024' ന് തുടക്കമായി



**കണ്ണൂർ:** വിദ്യാഭ്യാസ ജില്ല സംഘടിപ്പിക്കുന്ന ഉന്നത വിദ്യാഭ്യാസ പ്രദർശനം 'മിനി ദിശ 2024' ന് കണ്ണൂർ ഗവ ടൗൺ ഹയർ സെക്കണ്ടറി സ്കൂളിൽ രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. വിദ്യാർഥികളാണ് രാഷ്ട്രത്തിന്റെ മൂലധന നിക്ഷേപമെന്ന് മന്ത്രി പറഞ്ഞു. വിദ്യാർഥികൾക്ക് ദിശാബോധം ഉണ്ടാക്കുകയാണ് മിനി ദിശ 2024ന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

പൊതുവിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കണ്ടറി വിഭാഗം കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസിലിങ് സെൽ വിദ്യാർഥി കേന്ദ്രീകൃത പദ്ധതിയുടെ ഭാഗമായി മാറി വരുന്ന തൊഴിൽ സാധ്യതകളെക്കുറിച്ചും വിവിധ കോഴ്സുകളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനാണ് പ്രദർശനം സംഘടിപ്പിച്ചത്. കേന്ദ്രസംസഥാന സർക്കാറുടെ കീഴിലും പൊതുമേഖലയിലും പ്രവർത്തിക്കുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്. വിദ്യാർഥികളുടെ അഭിരുചി മനസിലാക്കുന്നതിന് സൗജന്യ കെ ഡാറ്റ് (കേരള ഡിഫറൻഷ്യൽ ആപ്റ്റിറ്റിയൂഡ് ടെസ്റ്റ് ) പരീക്ഷയും സംഘടിപ്പിച്ചു.

കോർപറേഷൻ കൗൺസിലർ പി.വി ജയസൂര്യൻ അധ്യക്ഷനായി. കണ്ണൂർ ആർ ഡി ഡി ആർ.രാജേഷ് കുമാർ വിശിഷ്ടാതിഥിയായി. സി ജി ആൻഡ് എ സി സ്റ്റേറ്റ് കോർഡിനേറ്റർ ഡോ.സി.എം അസീം, ഹയർ സെക്കൻഡറി ജില്ലാ കോർഡിനേറ്റർ എം.കെ അനൂപ് കുമാർ, ജില്ലാ ഉപ വിദ്യാഭ്യാസ ഓഫീസർ കെ.പി നിർമല, സ്കൂൾ പ്രിൻസിപ്പൽ വി ശ്രീജ, പി.ടി.എ പ്രസിഡന്റ് എം ഫൈസൽ, സി ജി ആൻഡ് എ സി ജില്ല കോർഡിനേറ്റർ ആർ റീജ, ജോയിന്റ് കോ ഓർഡിനേറ്റർ എം രാജേഷ്, പ്രോഗ്രാം കമ്മിറ്റി കൺവീനർ ഡോ. കെ.ആർ രാജേഷ് ബാബു എന്നിവർ സംസാരിച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, പുതിയ ട്രെൻഡുകൾ, എന്റർപ്രണർഷിപ്പ്, യു.ജി വിദ്യാഭ്യാസത്തിലെ പുതിയ പ്രവണതകൾ, വിദേശ വിദ്യാഭ്യാസം, പ്രധാന പ്രവേശന പരീക്ഷകൾ തുടങ്ങിയ വിഷയങ്ങളിൽ അൻവർ മുട്ടാഞ്ചേരി, ഡോ ടി.കെ പ്രസാദ്, ആഷിദ് പുഴക്കൽ എന്നിവർ ക്ലാസെടുത്തു. ഡിസംബർ ഏഴിന് വൈകിട്ട് മൂന്നുമണിക്ക് നടക്കുന്ന സമാപന സമ്മേളനം കണ്ണൂർ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ അഡ്വ പി ഇന്ദിര ഉദ്ഘാടനം ചെയ്യും. എസ്എസ്എൽസിക്ക് ശേഷമുള്ള തൊഴിലവസരങ്ങൾ, പൊതുമേഖലയിലെ തൊഴിൽ ദാതാക്കൾ, ഹ്രസ്വകാല കോഴ്സുകൾ, സിവിൽ സർവീസസ് തുടങ്ങിയ വിഷയങ്ങളിൽ ഒ.വി പുരുഷോത്തമൻ, ആർ രാജിൻ, പ്രദീപ് ജി നായർ, കെ ശിവകുമാർ എന്നിവർ ക്ലാസെടുക്കും.

# ഐ.എം.എ കൊച്ചി 'തനിമ 2024' നാളെ

**കൊച്ചി :** ഇന്ത്യൻ മെഡിക്കൽ അസ്സോസിയേഷൻ (ഐ.എം.എ) കൊച്ചി ശാഖയുടെ നേതൃത്വത്തിൽ എറണാകുളം നഗരത്തിലെ ആശുപത്രികളിലെ ഡോക്ടർമാർക്കും കുടുംബാംഗങ്ങൾക്കുമായി സംഘടിപ്പിക്കുന്ന തനിമ 2024 ഇന്റർ ഹോസ്പിറ്റൽ കൾച്ചറൽ ഫെസ്റ്റ് നാളെ കലൂർ ഐ.എം.എ ഹൗസിൽ നടക്കുമെന്ന് ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. ജേക്കബ് എബ്രഹാം, സെക്രട്ടറി ഡോ. സച്ചിൻ സുരേഷ്, ട്രഷറർ ഡോ.ബെൻസിർ ഹുസൈൻ എന്നിവർ അറിയിച്ചു. ഐ.എം.എ കൊച്ചിയിലെ അംഗങ്ങളുടെ 14 വയസിൽ താഴെയുള്ള കുട്ടികളുടെ ഫാൻസിഡ്രസ് മൽസരവും ഉാകും. രാവിലെ ഒമ്പത് മുതൽ മൽസരങ്ങൾ ആരംഭിക്കും. മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ, രാജഗിരി ഹോസ്പിറ്റൽ, ലിസി ഹോസ്പിറ്റൽ, ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ, ആസ്റ്റർ മെഡിസിറ്റി, സൈമർ ദി വുമൺ ഹോസ്പിറ്റൽ, റിനൈ മെഡിസിറ്റി, കൊച്ചിൻ ഒപ്താൽമിക് സൊസൈറ്റി, വുമൺ ഐഎംഎ എന്നിവടങ്ങളിൽ നിന്നുള്ള 500ൽ പരം ആരോഗ്യ പ്രവർത്തകർ മൽസരത്തിൽ പങ്കെടുക്കും.




# കൊച്ചി നേവി മാരത്തോൺ ഡിസംബർ 15 ന്; ജേഴ്സി പ്രകാശനം ചെയ്തു

**കൊച്ചി:** സതേൺ നേവൽ കമാന്റിന്റെ നേതൃത്വത്തിൽ ഈ മാസം 15 ന് സംഘടിപ്പിക്കുന്ന അഞ്ചാമത് കൊച്ചി നേവി മാരത്തോണിന്റെ ജേഴ്സി പ്രകാശനം ചെയ്തു. കൊച്ചി നേവൽ ബേസിൽ നടന്ന ചടങ്ങിലായിരുന്നു ജേഴ്സി പ്രകാശനം. വെണ്ടുരുത്തി റൺ (21 കി.മി), ദ്രോണാചാര്യ റൺ(10.കി.മി), ഗരുഡാ റൺ(05 കി.മി) എന്നീ മൂന്നു വിഭാഗങ്ങളിലായിട്ടാണ് മാരത്തോൺ നടക്കുന്നത്. വില്ലിംഗ്ഡൺ ഐലന്റിലെ സാഗരിക ക്രൂയിസിൽ നിന്നാരംഭിച്ച് അവിടെ തന്നെ സമാപിക്കുന്ന രീതിയിലാണ് മാരത്തോൺ സംഘടിപ്പിക്കുന്നത്. വിജയികൾക്ക് സമ്മാനങ്ങളും ലഭിക്കും.



ഗാർമെന്റ്സ് ക്രിക്കറ്റ് അസ്സോസിയേഷൻ ട്രസ്റ്റ് വയനാട് കൃഷ്ണഗിരി സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിച്ച ആറാമത് പെപെ ഗാർമെന്റ് പ്രീമിയർ ലീഗിൽ ചാംപ്യന്മാരായ യെസ് ഭാരത് ടീമിന് സുൽത്താൻബത്തേരി എം.എൽ.എ ഐ.സി ബാലകൃഷ്ണൻ ട്രോഫി സമ്മാനിക്കുന്നു.അസ്സോസിയേഷൻ പ്രസിഡന്റ് വി.എം.എച്ച് അഹമ്മദുള്ള, സെക്രട്ടറി സാബി ജോൺ, യെസ് ഭാരത് എം.ഡി അയൂബ് ഖാൻ,അൻഷാദ് , അബ്ദുൾ മാലിഖ് എന്നിവർ സമീപം

# സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

**കൊച്ചി:** ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എൽപിഎസ് അഞ്ചാം എൻസിഎഎസ്സി (കാറ്റഗറി നമ്പർ 217/2023) ഡിസംബർ 12ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം മേഖലാ ഓഫീസിൽ നടത്തും. അഭിമുഖത്തിനു മുന്നോടിയായി നടക്കുന്ന വെരിഫിക്കേഷനായി ഉദ്യോഗാർത്ഥികൾ അന്നേദിവസം രാവിലെ എട്ടിന് അസൽ പ്രമാണങ്ങൾ, ഒടിവി സർട്ടിഫിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം നേരിട്ട് ഹാജരാകണം. ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കാം. വിശദ വിവരങ്ങൾ ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാണ്.



ചാവറ കൾച്ചറൽ സെന്റർ, ഡോ. അഗർവാൾ ഐ ഹോസ്പിറ്റൽ, കാരിക്കാമുറി റെസിഡൻസ് അസോസിയേഷൻ, സേവ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തിയ സൗജന്യ നേത്ര പരിശോധന ക്യാമ്പ് പി.ഐ.സദാശിവൻ ഉദ് ഘാടനം ചെയ്യുന്നു.ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ ,. ഡോ.ശ്രുതി, ഫാ. മാത്യു കിരിയാന്തൻ സി.എം.ഐ., സി.ഡി.അനിൽകുമാർ, ജോയ് കെ ദേവസി, അഖിൽ ടി.എസ് , ആര്യലക്ഷ്മി, ജിബിൻ എന്നിവർ സമീപം.

# കേന്ദ്ര സംഘം പക്ഷിപ്പനി ബാധിത മേഖല സന്ദർശിക്കും

**കൊച്ചി:** മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രി ജെ. ചിഞ്ചുറാണി മൃഗസംരക്ഷണ വകുപ്പ് കേന്ദ്ര സെക്രട്ടറി അൽക്ക ഉപാദ്ധ്യായയുമായി കൂടിക്കാഴ്ച നടത്തി. എറണാകുളം മരടിൽ സ്ഥിതി ചെയ്യുന്ന മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഭക്ഷ്യ കാർഷിക ഉത്പന്നങ്ങളുടെ പരിശോധന നടത്തുന്ന ലാബിനെ ഉന്നത നിലവാരത്തിൽ എത്തിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ടും കേരളത്തിലെ പക്ഷിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായി നിലവിൽ കേന്ദ്രസർക്കാർ ആക്ഷൻ പ്ലാൻ അനുസരിച്ച് വകുപ്പ് കൈകൊണ്ടിട്ടുള്ള നടപടികൾ നേരിട്ട് വിലയിരുത്തി നിർദേശങ്ങൾ നൽകുന്നതിനും കേന്ദ്ര സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ടീം പക്ഷിപ്പനി ബാധിത പ്രദേശങ്ങൾ സന്ദർശിക്കണം എന്നീ ആവശ്യങ്ങളാണ് പ്രധാനമായും ഉന്നയിച്ചത്. കൂടാതെ സംസ്ഥാനത്ത് മികച്ച ഇനം പശുക്കളെ സൃഷ്ടിക്കുന്നതിനായി ഉന്നത ഗുണനിലവാരമുള്ള ഹോഴ്സിയൻ ഫ്രീഷ്യൻ, ജേഴ്സി തുടങ്ങിയ ഏറ്റവും മികച്ച ഇനം കാളകളുടെ ബീജം സംസ്ഥാനത്തിന് ലഭ്യമാക്കണം എന്ന ആവശ്യവും മന്ത്രി ഉന്നയിച്ചു.

രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ കൃത്രിമ ബീജദാന പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിലവിൽ സമർപ്പിച്ചിട്ടുള്ള 47 കോടി രൂപയുടെ പദ്ധതി അംഗീകരിക്കണമെന്ന ആവശ്യവും കേന്ദ്ര സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. കേന്ദ്രസർക്കാരിന്റെ 'ഭാരത് പശുധൻ' പോർട്ടലിൽ എൻട്രി വരുത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ബ്രൂസല്ല പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന് ആവശ്യമായ ലോജിസ്റ്റിക്കുകൾ ലഭ്യമാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുക, ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ നടത്തിയതുമായി ബന്ധപ്പെട്ട് വർഷങ്ങളായി ലഭിക്കാതിരുന്ന വകുപ്പിന് ലഭിക്കേണ്ട കുടിശ്ശിക തുക അനുവദിക്കുക, കഴിഞ്ഞ തവണത്തെ കന്നുകാലി സെൻസസ് നടത്തിയത് മൂലം എന്യൂമറേറ്റർമാർക്ക് നൽകുവാനുള്ള ബാക്കി തുക അനുവദിക്കുക തുടങ്ങിയ വിഷയങ്ങളും മന്ത്രി കേന്ദ്ര സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി.

പക്ഷിപ്പനിയുമായി ബന്ധപ്പെട്ട ഒരു അടിയന്തര യോഗം കേന്ദ്ര സെക്രട്ടറിയുടെ നേതൃത്വത്തിൽ നടത്തുമെന്നും കേരളത്തിലെ പക്ഷിപ്പനി ബാധിത പ്രദേശങ്ങൾ സന്ദർശിക്കുമെന്നും ഉറപ്പുനൽകി. 2021 ലെ കന്നുകാലി സെൻസസ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട സങ്കീർണതകൾ ഉടനടി പരിഹരിക്കാമെന്നും കഴിഞ്ഞ സെൻസസിന്റെ കുടിശിക തുക അനുവദിക്കാമെന്നും കേന്ദ്ര സെക്രട്ടറി അറിയിച്ചു. 10 വർഷമായി ലഭിക്കുവാനുള്ള സാമ്പിൾ സർവ്വേ കുടിശ്ശിക തുക നൽകുന്ന വിഷയം പരിശോധിച്ച് ആവശ്യമായ നടപടി എത്രയും വേഗം കൈക്കൊള്ളുന്നതുമാണെന്നും കേന്ദ്ര സെക്രട്ടറി അറിയിച്ചു.

മൃഗസംരക്ഷണ വകുപ്പിന്റെ SL-MAP എന്ന സ്ഥാപനത്തെ ദേശീയ നിലവാരത്തിലുള്ള ഒരു മികച്ച സ്ഥാപനമാക്കി മാറ്റുന്നതിന് ആവശ്യമായ ഫണ്ട് കേന്ദ്ര സർക്കാരിന്റെ അസ്കാഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കാമെന്നും ഉറപ്പുനൽകി.

# സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി ;** ചാവറ കൾച്ചറൽ സെന്റർ, ഡോ. അഗർവാൾ ഐ ഹോസ്പിറ്റൽ കാരിക്കാമുറി റെസിഡൻസ് അസോസിയേഷൻ, സേവ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ സൗജന്യ നേത്ര പരിശോധന ക്യാമ്പും ബ്ലഡ് ഷുഗർ, കൊളസ്ട്രോൾ പരിശോധനയും സംഘടിപ്പിച്ചു..കാരിക്കാമുറി റെസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് പി.എ.സദാശിവൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി.എം.ഐ അധ്യക്ഷത വഹിച്ചു . ഡോ.ശ്രുതി മുഖ്യപ്രഭാഷണം നടത്തി. നേത്ര സംരക്ഷണം എല്ലാവരും ശീലിക്കേണ്ട ഒന്നാണെന്നും പരിശോധന നടത്തി തിമിരം ഉണ്ടെങ്കിൽ അത് താമസിപ്പിക്കാതെ ശസ്ത്രക്രീയ നടത്തണമെന്നും താമസിക്കുംതോറും കാഴ്ചയ്ക്കു കൂടുതൽ പ്രശനം ഉണ്ടാകുമെന്നും ഡോ.ശ്രുതി പറഞ്ഞു. കൊച്ചി കോർപറേഷൻ കൗൺസിലർ പത്മജ എസ് മേനോൻ ക്യാമ്പിൽ ആശംസകൾ അറിയിച്ചു സംസാരിച്ചു. സിറിയക് ഏലിയാസ് വോളണ്ടറി അസോസിയേഷൻ സെക്രട്ടറി ഫാ. മാത്യു കിരിയാന്തൻ സി.എം.ഐ., സി.ഡി.അനിൽകുമാർ, ജോയ് കെ ദേവസി, അഖിൽ ടി.എസ് , ആര്യലക്ഷ്മി, ജിബിൻ എന്നിവർ പ്രസംഗിച്ചു.. ഡോ. അഗർവാൾ ഐ ഹോസ്പിറ്റലിൽ നിന്നുള്ള വിദഗ്ദ്ധർ നേതൃത്വം നൽകിയ നേത്ര പരിശോധന ക്യാമ്പിൽ നൂറ്റിഅമ്പതോളം പേർ പങ്കെടുത്തു.

# വനം വകുപ്പ് ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കാൻ മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ അനിവാര്യം: മന്ത്രി എ.കെ. ശശീന്ദ്രൻ

**കൊച്ചി:** വനം വകുപ്പ് ജീവനക്കാരുടെ സേവനം കാര്യക്ഷമമാക്കുന്നതിന് അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ ഉറപ്പാക്കേണ്ടത് അനിവാര്യമാണെന്ന് മന്ത്രി എ.കെ. ശശീന്ദ്രൻ. മലയാറ്റൂർ ഡിവിഷന്റെ കീഴിൽ കോടനാട് വനം വകുപ്പ് ഉദ്യോഗസ്ഥർക്കായുള്ള കാർട്ടേഴ്സിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

വന്യജീവി ആക്രമണവും തുടർന്നുള്ള കൃഷിനാശവും ജീവഹാനിയും ഇന്ന് വലിയ പ്രശ്നമായി ഉയർന്നുവന്നിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് വിവിധ തലങ്ങളിലുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം. ഇതിന്റെ ഭാഗമായാണ് വനമേഖലയിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുക, വനത്തിനകത്ത് ശുദ്ധജലവും ഭക്ഷണോപാധികളും ലഭ്യമാക്കുക, അധിനിവേശ സസ്യങ്ങൾ ഇല്ലാതാക്കുക, ജീവനക്കാർക്ക് മതിയായ സംരക്ഷണവും ആരോഗ്യകരമായ ജീവിത സാഹചര്യവും ഉറപ്പാക്കുക തുടങ്ങിയ പരിപാടികൾ ആവിഷ്കരിക്കുന്നത്. ഇതുവഴി ജീവനക്കാർക്ക് മികച്ച സേവനം ജനങ്ങൾക്ക് നൽകാനാകുമെന്നാണ് പ്രതീക്ഷ.

വന്യജീവികളോട് ഏറ്റുമുട്ടി വിശ്രമരഹിതമായ ജീവിതം നയിക്കുന്ന വനം വകുപ്പ് ജീവനക്കാർക്ക് തങ്ങളുടെ ജോലി ആത്മാർഥമായും സത്യസന്ധമായും നിർവഹിക്കുന്നതിനുള്ള സാഹചര്യമൊരുക്കേണ്ടത് അനിവാര്യമാണ്. സംതൃപ്തമായ സാഹചര്യത്തിലൂടെ മാത്രമേ ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമായി നിർവഹിക്കാൻ കഴിയൂ എന്നും മന്ത്രി പറഞ്ഞു.

എൽദോസ് പി. കുന്നപ്പിള്ളിൽ എം.എൽ.എ അധ്യക്ഷത വഹിച്ചു. കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.റ്റി. അജിത് കുമാർ, കോപ്പടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മായ കൃഷ്ണകുമാർ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഡോ. ആർ. ആടലരശൻ, തൃശൂർ ഡി എഫ് ഒ രവികുമാർ മീണ, മലയാറ്റൂർ ഡി എഫ് ഒ കുറ ശ്രീനിവാസ്, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ കക്ഷി നേതാക്കൾ, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കേരളത്തിന്റെ കരുതൽ ലോകത്തെവിടെയും: 28 ന്റെ തിളക്കത്തിൽ നോർക്ക

**തിരുവനന്തപുരം:** തൈക്കാട് നോർക്ക സെന്ററിൽ ജീവനക്കാരുടെ നേതൃത്വത്തിൽ നോർക്ക ദിനാചരണം സംഘടിപ്പിച്ചു. 1996 ഡിസംബർ ആറിന് നിലവിൽ വന്ന പ്രവാസി കേരളീയകാര്യ വകുപ്പ് രൂപീകരണദിനമാണ് നോർക്ക ദിനം. ഇന്ത്യയിൽ ആദ്യമായി ഏതെങ്കിലുമൊരു സംസ്ഥാനത്ത് പ്രവാസികൾക്കു വേണ്ടി മാത്രമായി രൂപീകരിക്കപ്പെട്ട വകുപ്പ് എന്ന ഖ്യാതി നോർക്കയ്ക്കുണ്ട്. പ്രവാസികേന്ദ്രീകൃതമായ നവീനമായ പദ്ധതികളും സേവനങ്ങളും കൊണ്ടുവരാനാണ് അടുത്തസാമ്പത്തികവർഷം ലക്ഷ്യമിടുന്നതെന്ന് ചടങ്ങിൽ സിഇഒ അജിത് കോളശേരി അഭിപ്രായപ്പെട്ടു. പേപ്പർലെസ് ഓഫീസ് എന്ന ആശയത്തിലേയ്ക്കുള്ള ചുവടുവെയ്പ്പിന്റെ ആദ്യപടിയായി നവീകരിച്ച നോർക്ക റൂട്ട്സ് വെബ്സൈറ്റ് ജനുവരി മുതൽ ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

2002 ൽ നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായി നോർക്ക റൂട്ട്സ് നിലവിൽ വന്നു. ലോകത്തെമ്പാടുമുള്ള പ്രവാസികേരളീയർക്കായി സമഗ്രതലസ്പർശിയായ സേവനങ്ങൾ ലഭ്യമാക്കുന്നതാണ് നോർക്ക റൂട്ട്സിനെ വേറിട്ട് നിർത്തുന്നത്.

പ്രവാസത്തിന് മുൻപും, പ്രവാസത്തിനൊപ്പവും, പ്രവാസത്തിനു ശേഷം നാട്ടിൽ തിരിച്ചെത്തിയവർക്കുമായി നിരവധി പദ്ധതികളും സേവനങ്ങളും സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സിലൂടെ നടപ്പിലാക്കി വരുന്നു.

180 തിലധികം രാജ്യങ്ങളിലുള്ള പ്രവാസികേരളീയരുമായി നോർക്ക റൂട്ട്സ് സേവനങ്ങളിലൂടെ കേരളവുമായി കണ്ണിചേർക്കുന്നു.

ഐ എസ് ഒ സർട്ടിഫിക്കറ്റും കഴിഞ്ഞ രണ്ടു വർഷങ്ങളിൽ സ്കോച്ച് അവാർഡിന് നോർക്ക റൂട്ട്സ് അർഹമായതും ഈ പ്രവർത്തന മികവുകൊണ്ടാണ്.

കേരള പ്രവാസി കേരളീയ ക്ഷേമബോർഡ്, ലോക കേരള സഭ, പ്രവാസി കേരളീയ കമ്മീഷൻ, ലോക കേരളം ഓൺലൈൻ, നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജസ്, ഓവസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ഹോൾഡിംഗ് ലിമിറ്റഡ് എന്നിവയും പ്രവാസികേരളീയർക്കായി നോർക്ക വകുപ്പിന് കീഴിലുണ്ട്. കേരളത്തിന് പ്രവാസി സമൂഹത്തോടുള്ള കടപ്പാടിന്റെയും പ്രതിജ്ഞാബദ്ധത യുടെയും തെളിവാണ് നോർക്കയുടെ പ്രവർത്തനം.

# നാഷണൽ അപ്രന്റിസ്ഷിപ്പ് മേള ഒമ്പതിന്

**കണ്ണൂർ:** സംസ്ഥാന വ്യാവസായിക പരിശീല വകുപ്പിന്റെ നേതൃത്വത്തിൽ കണ്ണൂർ തോട്ടട ഗവ.വനിതാ ഐ ടി ഐയിൽ നടത്തുന്ന പ്രധാനമന്ത്രി നാഷണൽ അപ്രന്റിസ്ഷിപ്പ് മേള ഡിസംബർ ഒമ്പതിന് രാവിലെ 10.30ന് കെഎസ്ഇബി ചീഫ് എഞ്ചിനീയർ ഹരീശൻ മൊട്ടമ്മൽ ഉദ്ഘാടനം ചെയ്യും. വ്യവസായിക പരിശീലന വകുപ്പ് ഉത്തര മേഖലാ ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് എസ് വി അനിൽ കുമാർ അധ്യക്ഷത വഹിക്കും. ദക്ഷിണ റയിൽവേ പാലക്കാട് ഡിവിഷൻ, കെൽട്രോൺ, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ്സ് എന്നിവ ഉൾപ്പെടെ വിവിധ സ്ഥാപനങ്ങൾ വിവിധ ട്രേഡുകളിൽ അപ്രന്റീസ് ട്രെയിനികളെ തിരഞ്ഞെടുക്കും. മികച്ച സ്ഥാപനങ്ങൾക്കുള്ള ഉപഹാര വിതരണവും ട്രെയിനികൾക്കുള്ള കോൺട്രാക്റ്റ് വിതരണവും ചടങ്ങിൽ നടക്കും. കണ്ണൂർ ആർ ഐ സെന്ററിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന മേളയിൽ ഐ ടി ഐ ട്രേഡ് കഴിഞ്ഞ് ഇത് വരെ നാഷണൽ അപ്രന്റിസ്ഷിപ്പ് ആക്ട് 1961 പ്രകാരമുള്ള അപ്രന്റിസ് ട്രെയിനിംഗ് ലഭിക്കാത്ത ഉദ്യോഗാർഥികൾ പങ്കെടുക്കേണ്ടതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അന്താരാഷ്ട്ര നിർമിതബുദ്ധി കോൺക്ലേവ് തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** നിർമ്മിത ബുദ്ധി (എ.ഐ) ഉന്നതവിദ്യാഭ്യാസ രംഗത്ത് തുറന്നിടുന്ന ഭാവിസാധ്യതകൾ ചർച്ച ചെയ്യുന്ന അന്താരാഷ്ട്ര നിർമിതബുദ്ധി കോൺക്ലേവിന്റെ രണ്ടാം എഡിഷൻ ഡിസംബർ 8, 9, 10 തീയതികളിൽ തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലും അനുബന്ധ വേദികളിലുമായി നടക്കും. ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഐ എച്ച് ആർ ഡിയാണ് അന്താരാഷ്ട്ര നിർമിതബുദ്ധി കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

നിർമിതബുദ്ധിയും ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാവിയും എന്ന വിഷയം ആഴത്തിൽ ചർച്ച ചെയ്യുന്ന കോൺക്ലേവിൽ ദേശീയ, അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന സാങ്കേതികവിദഗ്ധരും നയരൂപീകരണത്തിനു ചുക്കാൻ പിടിക്കുന്നവരും സർക്കാരിലെയും സ്വകാര്യ മേഖലകളിലെയും ഉന്നതോദ്യോഗസ്ഥരും ഒത്തുചേരും. നിർമിതബുദ്ധിയുടെ ശക്തിയും വിവിധ മേഖലകളിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്നതും ഇതുമായി ബന്ധപ്പെട്ട് രൂപപ്പെട്ടാവുന്ന നിർണായക പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാമെന്നും കോൺക്ലേവ് ചർച്ച ചെയ്യും. വിവിധ ഐ.ഐ.ടികൾ, ഐ.ഐ.എസ്.സി, വിദേശ സർവകലാശാലകൾ അടക്കമുള്ള ലോകോത്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ ബഹുരാഷ്ട്ര കമ്പനികൾ എന്നിവയിൽ നിന്നെല്ലാമുള്ള സാങ്കേതിക വിദഗ്ധർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വിദ്യാഭ്യാസ രംഗത്തും തൊഴിലിടങ്ങളിലും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചെലുത്താവുന്ന സ്വാധീനം, തുറന്നുതരുന്ന സാധ്യതകൾ എന്നിവയും ചർച്ചയാവും. അന്താരാഷ്ട്ര ഏജൻസിയായ ഐഇഇഇ യുടെ ആഭിമുഖ്യത്തിലുള്ള വട്ടമേശ ചർച്ചകൾ, എ.ഐ അന്താരാഷ്ട്ര കോൺഫറൻസ്, എഐ ഹാക്കത്തോൺ, വിദ്യാർഥികൾക്കുള്ള എ.ഐ ക്വിസുകൾ, എ.ഐ റോബോട്ടിക് എക്സിബിഷനുകൾ എന്നിവയും അനുബന്ധമായി നടക്കും.

നിർമിതബുദ്ധിയും നീതിന്യായ വ്യവസ്ഥിതിയും, നിർമിതബുദ്ധിയും മാധ്യമങ്ങളും, നിർമിതബുദ്ധിയും നിയമനിർമാണവും, നിർമിതബുദ്ധിയും യുവജന ശാക്തീകരണവും, നിർമിതബുദ്ധിയും ആരോഗ്യ പരിപാലനവും, നിർമിത ബുദ്ധിയും വിദ്യാഭ്യാസവും കേരള സാഹചര്യത്തിൽ, നിർമിത ബുദ്ധിയും സിനിമയും എന്നീ വിഷയങ്ങളിൽ വിവിധ സെഷനുകൾ നടക്കും. പൊതുജനങ്ങൾക്കും വിദ്യാർഥികൾക്കുമടക്കം പ്രവേശനം സൗജന്യമായിരിക്കും. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഒരുക്കുന്ന എക്സിബിഷൻ സ്റ്റാളുകൾ, കലസാംസ്കാരിക പരിപാടികൾ, ഫുഡ് കോർട്ട് എന്നിവയും കോൺക്ലേവിന്റെ ഭാഗമായി ഒരുക്കും.

കോൺക്ലേവുമായി ബന്ധപ്പെട്ട വിവരങ്ങൾ https://icgaife2.ihrd.ac.in ൽ ലഭിക്കും. https://icgaife2.ihrd.ac.in/index.php/registration എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യാം.

# മുണ്ടക്കൈച്ചൂരൽമല ടൗൺഷിപ്പ് പദ്ധതി ഗുണഭോക്താക്കളുടെ കരട് പട്ടിക തയാറാകുന്നു

### *കരട് പട്ടിക പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം ആക്ഷേപം അറിയിക്കാം

**വൈത്തിരി:** മുണ്ടക്കൈചൂരൽമല ഉരുൾപൊട്ടൽ ദുരിതബാധിതർക്കായി സർക്കാർ ഒരുക്കുന്ന ടൗൺഷിപ്പ് പദ്ധതിക്കായുള്ള ഒന്നാംഘട്ട ഗുണഭോക്തൃ കരട്പട്ടിക തയ്യാറാവുന്നു. ദുരന്തത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങളെയാണ് പുനരധിവാസത്തിന്റെ ഒന്നാം ഘട്ടത്തിൽ പരിഗണിക്കുക. വാടക വീടുകളിലോ പാടികളിലോ താമസിച്ചിരുന്ന ദുരന്തബാധിതരെയും അവർക്ക് മറ്റ് വിടെയും വീടില്ലെങ്കിൽ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തും. അപകട മേഖലയിലെ വാസ യോഗ്യമല്ലെന്ന് കണ്ടെത്തുന്ന ഇടങ്ങളിൽ താമസിക്കുന്നവരെ പുനരധിവാസത്തിന്റെ രണ്ടാം ഘട്ടത്തിൽ പരിഗണിക്കും. സംസ്ഥാന സർക്കാർ ഇറക്കിയ പുതിയ ഉത്തരവിലാണ് ഇത് വ്യക്തമാക്കിയത്.

ഒന്നാംഘട്ട പുനരധിവാസത്തിൽ ഉൾപ്പെടുന്നവരുടെ കരട് പട്ടിക തയ്യാറാക്കുന്നതിനുള്ള ചുമതല മാനന്തവാടി സബ് കളക്ടർക്കാണ്. പട്ടിക തയ്യാറാക്കുന്നതിന് പൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റേഷൻ കാർഡ് ജിയോറഫറൻസ് പ്രാഥമിക വിവരമായി കണക്കാക്കും. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഹരിതമിത്രം ആപ്പ്, കെ.എസ്.ഇ.ബി എന്നിവയുടെ ഗുണഭോക്തൃ ജിയോറഫറൻസ് വിവരങ്ങൾ, റാപ്പിഡ് വിഷൽ സ്ക്രീനിങ്, സർക്കാർ അനുവദിച്ച വീട്ടുവാടക കൈപ്പറ്റിയവർ, സർക്കാർ ക്വാട്ടേഴ്സിലേക്ക് മാറ്റിപ്പാർപ്പിച്ചവർ, പാടികളിൽ താമസിക്കുന്നവർ എന്നിവരുടെ വിവരങ്ങൾ കൂടി ഉപയോഗപ്പെടുത്തിയാണ് പട്ടിക തയ്യാറാക്കുക.



സബ് കലക്ടർ തയ്യാറാക്കുന്ന പട്ടിക മേപ്പാടി ഗ്രാമപഞ്ചായത്ത് അധികൃതർ നിലവിൽ തയ്യാറാക്കിയിട്ടുള്ള പട്ടികയുമായി ഒത്തുനോക്കും. അതിൽ ഒഴിവാക്കപ്പെട്ടതും അധികമായി ഉൾപ്പെട്ടതുമായ കുടുംബങ്ങളുടെ വിവരങ്ങൾ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ആവശ്യമായ പരിശോധനകൾക്കു ശേഷം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അനുമതിയോടെ അന്തിമ കരട് പട്ടിക തയ്യാറാക്കും.

കരട് ലിസ്റ്റ് കളക്ടറേറ്റ്, മാനന്തവാടി റവന്യൂ ഡിവിഷണൽ ഓഫീസ്, വൈത്തിരി താലൂക്ക് ഓഫീസ്, വെള്ളരിമല വില്ലേജ്, മേപ്പാടി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും ജില്ലാ ഭരണകൂടത്തിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വെബ്സൈറ്റുകളിലും ലഭ്യമാക്കും. പ്രസിദ്ധീകരിച്ച പട്ടികയിലെ വിശദാംശങ്ങൾ പരിശോധിക്കാൻ വെള്ളരിമല വില്ലേജ്, മേപ്പാടി ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ഹെൽപ്പ് ഡെസ്ക് സജ്ജീകരിക്കും. കരട് പട്ടിക പ്രസിദ്ധീകരിച്ച് 15 പ്രവൃത്തി ദിവസങ്ങൾക്കകം ഇതുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ സ്വീകരിക്കും. ആക്ഷേപങ്ങൾ വൈത്തിരി താലൂക്ക് ഓഫീസ്, മേപ്പാടി ഗ്രാമപഞ്ചായത്ത്, വെള്ളരിമല വില്ലേജ് ഓഫീസുകളിലും ഇമെയിലിലും അറിയിക്കാം. ഓഫീസുകളിലും ഓൺലൈനായും സ്വീകരിക്കുന്ന എല്ലാ ആക്ഷേപങ്ങൾക്കും കൈപ്പറ്റ് രസീത് നൽകും.

കരട് പട്ടികയിലെ ആക്ഷേപങ്ങളിൽ സബ് കളക്ടർ സ്ഥലപരിശോധന നടത്തിയ ശേഷം റിപ്പോർട്ട് തയ്യാറാക്കി ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് സമർപ്പിക്കും. തുടർന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി പരാതിക്കാരെ നേരിൽകണ്ട് ആക്ഷേപത്തിൽ തീർപ്പ് കൽപ്പിക്കും. ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തിയതി മുതൽ 30 ദിവസത്തിനകം ജില്ലാ ദുരന്തനിവാരണ അതോറിറ്റി അന്തിമ പട്ടിക പ്രസിദ്ധീകരിക്കും. അന്തിമ പട്ടിക സംബന്ധിച്ച് പരാതികളും ആക്ഷേപങ്ങളും സർക്കാരിലെ ദുരന്തനിവാരണ വകുപ്പിൽ നൽകണം.

## കേരള വെറ്ററിനറി സർവ്വകലാശാല അപേക്ഷ ക്ഷണിച്ചു: അഭിമുഖം ഡിസം. 12ന്

**തിരുവനന്തപുരം:** കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മണ്ണുത്തി യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാമിന്റെ ആഭിമുഖ്യത്തിൽ ഒരു വർഷത്തെ സ്റ്റൈപ്പന്റോടു കൂടിയ പരിശീലനപരിപാടിയായ 'ഫോഡർ ക്രോപ്പ് ഡെവലപ്പ്മെന്റ് ആർമി 2025' വർഷത്തേക്കുള്ള അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ തൃശൂർ ജില്ലയിൽ സ്ഥിരതാമസമുള്ളവരും 1860 വയസ്സിനിടയിൽ പ്രായമുള്ളവരുമായിരിക്കണം. നല്ല കായികക്ഷമതയുള്ള സ്ത്രീപുരുഷന്മാർക്ക് അപേക്ഷിക്കാം. തെരഞ്ഞെടുക്കപ്പെടുന്ന പരിശീലനാർത്ഥികൾ 5850 രൂപ ഒറ്റത്തവണഫീസായി ആദ്യം അടയ്ക്കേണ്ടതാണ്. ഇവർക്ക് മാസം തോറും 7500 രൂപയാണ് സ്റ്റൈപ്പന്റ്. ഈ പരിശീലനത്തിനുള്ള അഭിമുഖം ഡിസംബർ 12ന് രാവിലെ 11 മണിയ്ക്ക് മണ്ണുത്തിയിലെ യൂണിവേഴ്സിറ്റി ലൈവ്സ്റ്റോക്ക് ഫാമിൽ നടത്തും. അപേക്ഷാ ഫോറം സർവ്വകലാശാല വെബ്സൈറ്റിൽ നിന്നോ അല്ലെങ്കിൽ യൂണിവേഴ്സിറ്റി മണ്ണുത്തി ലൈവ്സ്റ്റോക്ക് ഫാം ഓഫീസിൽ നിന്നോ ഡിസംബർ 12 വരെ ലഭിക്കും. കൂടുതൽ വിവരങ്ങൾക്കും അഭിമുഖത്തിന് കൊണ്ടുവരേണ്ട രേഖകളെക്കുറിച്ചറിയാനും www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ04872370302, 9526862274.

## ആർട്ട് റിവ്യൂ പട്ടികയിൽ ബോസ് കൃഷ്ണമാചാരി



**കൊച്ചി:** അന്താരാഷ്ട്ര പ്രശസ്തവും ആധികാരികവുമായ ആർട്ട് റിവ്യൂ മാഗസിൻ തെരഞ്ഞെടുത്ത കലാമേഖലയുമായി ബന്ധപ്പെട്ട് ലോകത്തെ ഏറ്റവും സ്വാധീനശേഷിയുള്ള നൂറു വ്യക്തിത്വങ്ങളുടെ 2024ലെ പവർ 100 പട്ടികയിൽ കൊച്ചി മുസിരിസ് ബിനാലെ സ്ഥാപകനും പ്രസിഡന്റുമായ ബോസ് കൃഷ്ണമാചാരി ഇടംപിടിച്ചു. കലാകാരൻമാരും ചിന്തകരും ക്യുറേറ്റർമാരും ഗാലറിസ്റ്റുകളും മ്യൂസിയം ഡയറക്ടർമാരും ആർട്ട് കളക്ടർമാരും തുടങ്ങി സമകാലീന കലാരംഗത്തെ എല്ലാ തലങ്ങളിലുമുള്ളവരും ഉൾപ്പെട്ട പട്ടികയിൽ അൻപത്തിരണ്ടാം സ്ഥാനമാണ് ബോസ് കൃഷ്ണമാചാരിക്ക്. കഴിഞ്ഞ വർഷവും ബോസ് കൃഷ്ണമാചാരി പവർ 100 പട്ടികയിൽ സ്ഥാനം പിടിച്ചിരുന്നു.ഇന്ത്യൻ സമകാലീന കലാരംഗത്ത് ആർട്ടിസ്റ്റ്, ക്യുറേറ്റർ,സീനോഗ്രാഫർ എന്നീ നിലകളിൽ പ്രശസ്തനായ ബോസ് കൃഷ്ണമാചാരി മുംബൈയും കൊച്ചിയും ആസ്ഥാനമായാണ് പ്രവർത്തിക്കുന്നത്. വൈവിധ്യമായ തലങ്ങളിൽ പ്രസക്തമായ ഒട്ടേറെ കലാ പ്രദർശനങ്ങൾ രാജ്യത്തിനകത്തും വിദേശത്തുമായി ഒരുക്കി. 2010ൽ കൊച്ചി ബിനാലെ ഫൗണ്ടേഷൻ സഹസ്ഥാപകനായി. 2012ൽ ആദ്യ കൊച്ചി മുസിരിസ് ബിനാലെയ്ക്ക് ആശയത്തികവു നൽകിയ അദ്ദേഹം സഹ ക്യുറേറ്ററുമായി. 2016ൽ ചൈനയിലെ യിൻചുവാൻ ബിനാലെയുടെ ആദ്യ പതിപ്പിന്റെ ക്യുറേറ്ററായി. പുതുതലമുറ കലാകാരന്മാരെയും ക്യുറേറ്റർമാരെയും പ്രോത്സാഹിപ്പിക്കുന്നതിൽ പുലർത്തുന്ന ശ്രദ്ധ പ്രശംസാർഹമായി. ബോസ് കൃഷ്ണമാചാരി നിലവിൽ 'ഗാലറിസ്റ്റ്' എന്നും അറിയപ്പെടുന്നു. ഒക്ടോബറിൽ അദ്ദേഹം ബംഗളൂരുവിൽ ഇന്റീരിയർ ഡിസൈൻ സ്റ്റുഡിയോ 'ഡിറ്റെയിലിൽ സമകാലിക കലാസൃഷ്ടികൾക്കായി ഒരു ഇടം തുറന്നു. അസ്ത ബുട്ടെയ്ൽ, ഹരീഷ് ചേന്നങ്ങോട്, പൂജ ഈരണ്ണ, പ്രജക്ത എന്നിവരുടെ സൃഷ്ടികൾ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി, ബ്രിട്ടീഷ് കൗൺസിൽ,ബോംബെ ആർട്ട് സൊസൈറ്റി, ചാൾസ് വാലസ് ട്രസ്റ്റ്, യുണൈറ്റഡ് സ്റ്റേറ്റ്സ് ഇൻഫോർമേഷൻ സൊസൈറ്റി, ഫോബ്സ്, ഇന്ത്യ ടുഡേ, ട്രെൻഡ്സ്, എഫ്എച്ച്എം, ജിക്യു മെൻ ഓഫ് ദി ഇയർ തുടങ്ങി നിരവധി പുരസ്കാരങ്ങൾക്ക് ബോസ് കൃഷ്ണമാചാരി അർഹനായിട്ടുണ്ട്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മന്ത്രിമാരുടെയും ഗവൺമെന്റ് സെക്രട്ടറിമാരുടെയും പൊതുഭരണ വകുപ്പിലെ അണ്ടർ സെക്രട്ടറി മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരുടെയും നെയിംബോർഡുകൾ ഒരു വർഷത്തേക്ക് തയാറാക്കുന്നതിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു.എഴുത്ത് ബോർഡുകൾ തയാറാക്കുന്നതിനുള്ള തുകയും/ വിനിയൽ സ്റ്റിക്കർ ബോർഡുകൾ തയാറാക്കുന്നതിനുള്ള തുകയും പ്രത്യേകം രേഖപ്പെടുത്തണം. ഇനാമലുൾപ്പെടെ എഴുതാനാവശ്യമായ സാധന സാമഗ്രികളും എഴുത്ത് കൂലിയുമടങ്ങുന്ന നിരക്കാണ് സമർപ്പിക്കേണ്ടത്.

# ഈ കടൽ സുന്ദരികളെ ഇനി കൃത്രിമമായി പ്രജനനം നടത്താം



**കൊച്ചി:** സമുദ്ര അലങ്കാരമത്സ്യ മേഖലയിൽ നിർണായക നേട്ടവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഉയർന്ന വിപണി മൂല്യമുള്ള കടൽ വർണമത്സ്യങ്ങളായ ഡാംസെൽ, ഗോബി വിഭാഗങ്ങളിൽപെട്ട രണ്ട് മീനുകളുടെ കൃത്രിമ വിത്തുൽപാദനം സിഎംഎഫ്ആർഐ വിജയകരമായി പൂർത്തിയാക്കി. അക്വേറിയങ്ങളിലെ കടൽ സുന്ദരികളായി അറിയപ്പെടുന്ന അസ്യൂർ ഡാംസെൽ, ഓർണേറ്റ് ഗോബി എന്നീ മീനുകളുടെ വിത്തുൽപാദന സാങ്കേതിക വിദ്യയാണ് സിഎംഎഫ്ആർഐയുടെ വിഴിഞ്ഞം പ്രാദേശിക കേന്ദ്രത്തിലെ ഗവേഷകർ വികസിപ്പിച്ചത്.

അക്വേറിയം ഇനങ്ങളിൽ ആവശ്യക്കാരേറെയുള്ളതും അലങ്കാരമത്സ്യ പ്രേമികളുടെ ഇഷ്ട മീനുകളുമാണ് ഇവ രണ്ടും. ആകർഷകമായ വർണങ്ങളും ചലനങ്ങളിലെ ചടുലതയുമാണ് ഇവയെ അക്വേറിയം മീനുകളിലെ സുന്ദരികളാക്കി മാറ്റുന്നത്. കടലിൽ പവിഴപ്പുറ്റുകളോടൊപ്പമാണ് അസ്യൂർ ഡാംസലിന്റെ ആവാസകേന്ദ്രം. കടുംനീലമഞ്ഞ നിറങ്ങളും നീന്തുന്ന രീതികളുമാണ് പ്രധാന ആകർഷണീയത. അമിത ചൂഷണഫലമായി വംശനാശഭീഷണിക്കരികിലാണ്. ഒരു മീനിന് 350 രൂപ വരെയാണ് ഇതിന്റെ വില. വിദേശ വിപണിയിൽ മീനൊന്നിന് 25 ഡോളർ വരെ ലഭിക്കും.

മറ്റൊരു അക്വേറിയങ്ങളിലെ ജനപ്രിയ മീനാണ് ഓർണേറ്റ് ഗോബി. തിളങ്ങുന്ന കണ്ണുകളും നീലയും തവിട്ടുവപ്പുവെള്ള നിറങ്ങളിലുമുള്ള പുള്ളികൾ കൊണ്ട് അലങ്കരിച്ച ശരീരവുമാണ് ഈ മീനിന്റെ ദൃശ്യഭംഗി കൂട്ടുന്നത്. കൗതുകകരമായ ചലനങ്ങളും പെരുമാറ്റവും കാരണം ടാങ്കുകളിൽ കാഴ്ചക്കാരെ ആകർഷിക്കും. അക്വേറിയങ്ങളിൽ അടിയുന്ന മണൽ തുടച്ചെടുത്ത് ടാങ്കുകളെ വൃത്തിയായി സൂക്ഷിക്കുന്നതിലും മിടുക്കിയാണ്. മീനൊന്നിന് 250 രൂപവരെ വിലയുണ്ട്.

ഉൽപാദനം കൂട്ടാനും കടലിൽ ഇവയുടെ അമിതചൂഷണം തടയാനും സിഎംഎഫ്ആർഐയുടെ പ്രജനന സാങ്കേതികവിദ്യ വഴിയൊരുക്കും. കടലിലെ റീഫ് ആവാസവ്യസ്ഥയെ സംരക്ഷിച്ച് നിർത്താനുമാകും.

അക്വേറിയം സംരംഭകർക്കും അലങ്കാരമത്സ്യ കർഷകർക്കും ഇവയുടെ വിത്തുൽപാദനം സ്വന്തമായി നടത്താവുന്ന രീതിയിൽ സാങ്കേതികവിദ്യ സിഎംഎഫ്ആർഐ ആവശ്യക്കാർക്ക് കൈമാറും. ഈ മേഖലയിലുള്ളവർക്ക് സാങ്കേതികവിദ്യ എളുപ്പത്തിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രോട്ടോകോളും സിഎംഎഫ്ആർഐ വികസിപ്പിച്ചിട്ടുണ്ട്. കർഷകരിലേക്ക് വ്യാപകമായി ഈ സാങ്കേതികവിദ്യ കൈമാറുന്നതിനും അവരെ പരിശീലിപ്പിക്കുന്നതിനും സിഎംഎഫ്ആർഐ ഒരുക്കമാണെന്ന് വിഴിഞ്ഞം പ്രാദേശിക കേന്ദ്രം മേധാവി ഡോ ബി സന്തോഷ് പറഞ്ഞു.

ഉയർന്ന ആവശ്യകതയും വിപണി മൂല്യവും താരതമ്യേന കുറഞ്ഞ ഉൽപാദനച്ചെലവുമാണ് ഈ മീനുകൾക്ക്. അതിനാൽ, ഇവയുടെ വിത്തുൽപാദനവും വിപണിയും സംരംഭകരെ ആകർഷിപ്പിക്കുന്നതാണ്. സിഎംഎഫ്ആർഐയുടെ സാമ്പത്തിക സാധ്യതാപഠനപ്രകാരം, 24000 മത്സ്യക്കുഞ്ഞുങ്ങളെ പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്ന ഇടത്തരം വിത്തുൽപാദന യൂണിറ്റിൽ നിന്ന് ഏകദേശം 12 ലക്ഷം രൂപ വാർഷിക വരുമാനമുണ്ടാക്കാനാകും.





# ചിൽട്ടന്റെ ഹീറ്റ് പമ്പ് ചില്ലർ പുറത്തിറക്കി

കൊച്ചി: കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന രാജ്യത്തെ പ്രമുഖഇൻഡസ്ട്രിയൽ പ്രോസസ് ചില്ലർ നിർമ്മാതാക്കളായ ചിൽട്ടൺ റഫ്രിജറേഷൻ നൂതന ഉത്പന്നം ഹീറ്റ് പമ്പ് ചില്ലർ പുറത്തിറക്കി.വ്യവസായിക ആവിശ്യത്തിനായി രൂപകൽപ്പന ചെയ്ത ഒരേ സമയം തണുത്ത വെള്ളത്തിനൊപ്പം ചൂടുവെള്ളവും ലഭിക്കുന്ന റഫ്രിജറേറ്ററാണ് ഹീറ്റ് പമ്പ് ചില്ലർ.

കമ്പനിയുടെ 40ാം വാർഷികത്തിന്റെ ഭാഗമായാണ് അത്യാധുനിക ഉത്പന്നം പുറത്തിറക്കിയത്. കാക്കനാട് റെക്ക ക്ലബിൽ നടന്ന ചടങ്ങിൽ വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് ലോഞ്ചിങ് നിർവ്വഹിച്ചു. ആഗോളതലത്തിൽ ആദ്യമായാണ് ദ്വിതീയ പ്രവർത്തന ക്ഷമതയുള്ള റഫ്രിജറേറ്റർ വിപണിയിലിറക്കുന്നത്. ആയിരം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക് ഉപയോഗിച്ചാൽ 1000 ലിറ്റർ തണുത്ത വെള്ളത്തിനൊപ്പം കുറഞ്ഞ വൈദ്യുതി ഉപയോഗത്തിലൂടെ 700 ലിറ്റർ ചൂടുവെള്ളം അധികമായി ലഭിക്കും. ഇതിലൂടെ 68% ശതമാനം വൈദ്യുതി ലാഭിക്കാനാകുമെന്നതാണ് സവിശേഷത.പുതിയ ഹീറ്റ് പമ്പ് ചില്ലർ വ്യവസായങ്ങൾക്ക് ഊർജ ഉപഭോഗവും കാർബൺ ഫുട്പ്രിന്റും കുറയ്ക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ്

നിർമ്മിച്ചിരിക്കുന്നതെന്ന് ചിൽട്ടൺ റഫ്രിജറേഷൻ എം.ഡിയും സ്ഥാപകനുമായ പി.ജി. ചിൽ പ്രകാശ് പറഞ്ഞു.

സുസ്ഥിര വികസനത്തിനും പ്രകൃതി സംരക്ഷണത്തിനും ഊന്നൽ നൽകുന്നതാണ് ചിൽട്ടന്റെ പ്രവർത്തനം. റഫ്രിജറേറ്റർ വ്യവസായ രംഗത്തെ വെല്ലുവിളികൾക്ക് ശാശ്വത പരിഹാരം കാണുകയാണ് കമ്പനി ദൗത്യം.

40 വർഷം പൂർത്തിയാക്കിയ കമ്പനി കേരളത്തിലെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുമെന്നും ഇതിലൂടെ നിരവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.ഇന്ത്യയിലെ ഇൻഡസ്ട്രിയൽ പ്രോസസ് ചില്ലർ മേഖലയിൽ 30 ശതമാനമാണ് കമ്പനിയുടെ വിപണി പങ്കാളിത്തം. ഇത് ഉയർത്തി അമ്പത് ശതമാനം വിപണി പങ്കാളിത്തം ഉറപ്പാക്കുകയാണ് ഭാവി പദ്ധതി.കൊച്ചി ആസ്ഥാനമായ കമ്പനിക്ക് അഹമ്മദാബാദിൽ നിർമ്മാണ യൂണിറ്റുകളും വിവിധയിടങ്ങളിൽ ഓഫീസും പ്രവർത്തിക്കുന്നുണ്ട്.

# 119 കുടുംബങ്ങൾക്ക് റോട്ടറിയുടെ ഹരിത ജീവിതം





**കൊച്ചി:** റോട്ടറി ഇന്റർനാഷനലിന്റെ സൗത്ത് ഏഷ്യ സോണുകളുടെ ഗവർണർമാരുടെ സമ്മേളനം റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി 2024നോട് അനുബന്ധിച്ച് റോട്ടറി 119ാം വാർഷികത്തിന്റെ ഭാഗമായി വനിതകൾക്ക് 119 ഓട്ടോറിക്ഷകൾ നൽകുന്ന പദ്ധതി ഗ്രീൻ ഏഞ്ചൽസ് ഇനീഷ്യേറ്റീവ് ഉദ്ഘാടനം ചെയ്തു. ഗ്രാന്റ് ഹയാത്ത് ബോൾഗാട്ടിയിൽ നടന്ന പരിപാടിയിൽ റോട്ടറി ഇന്റർനാഷണൽ പ്രസിഡന്റ് സ്റ്റെഫാനി എ അർഷിക് ഗ്രീൻ ഏഞ്ചൽസ് ഇനീഷ്യേറ്റീവ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

വൈ ഡാനിയേൽ ഫൗണ്ടേഷനുമായി ചേർന്നാണ് റോട്ടറി പദ്ധതി നടപ്പിലാക്കുന്നത്. പ്രകൃതി സൗഹൃദത്തിന്റെ ഭാഗമായി സി എൻ ജി ഓട്ടോറിക്ഷകളാണ് വിതരണം ചെയ്യുന്നത്.റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ ജോൺ ഡാനിയേൽ, റോട്ടറി ഇൻകമിംഗ് പ്രസിഡന്റ് സംഗ്കു യൻ, റോട്ടറി ഇന്റർനാഷണൽ പ്രസിഡന്റ് ടി എൻ സുബ്രഹ്മണ്യൻ, റോട്ടറി ഇന്റർനാഷണൽ ഡയറക്ടർമാരായ അനിരുദ്ധ ചൗധരി, രാജു സുബ്രഹ്മണ്യൻ, കോ ചെയർ ആർ മാധവ ചന്ദ്രൻ, സെക്രട്ടറി ജോസ് ചാക്കോ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.റോട്ടറി ഇന്റർനാഷനലിന്റെ സൗത്ത് ഏഷ്യ സോണുകളുടെ ഗവർണർമാരുടെ സമ്മേളനമായ റോട്ടറി ഇൻസ്റ്റിറ്റ്യൂട്ട് കൊച്ചി 2024, ഡിസംബർ എട്ടു വരെ നടക്കും. ഇന്ത്യ, ശ്രീലങ്ക, നേപ്പാൾ എന്നീ രാജ്യങ്ങളിലെ ആയിരത്തോളം ഗവർണർമാരും, മുൻകാലനിയുക്ത ഗവർണർമാരും നേതാക്കളുമാണ് പങ്കെടുക്കുന്നത്. ഈ മൂന്നു രാജ്യങ്ങളിലെ നിയുക്ത ഗവർണർമാരുടെ പരിശീലനവും ഇതോടൊപ്പം നടക്കുന്നുണ്ട്.

നൊബേൽ സമ്മാന ജേതാവ് കൈലാഷ് സത്യാർഥി, ശശി തരൂർ, മാധ്യമ പ്രവർത്തക പാൽകി ശർമ ഉപാധ്യായ, ഐ എച്ച് സി എൽ ലിമിറ്റഡ് പുനീത് ഛാത്വാൽ, മദർലാന്റ് ജോയിന്റ് വെഞ്ചേഴ്സിന്റെ സുനിൽ വൈശ്യപ്രത് തുടങ്ങിയവർ പങ്കെടുത്ത് സംസാരിക്കും.

# ഫാസ്റ്റ്ട്രാക്ക് ക്രോണോസ് വാച്ചുകൾ പുറത്തിറക്കി



**കൊച്ചി:** യൂത്ത് ഫാഷൻ ബ്രാൻഡായ ഫാസ്റ്റ്ട്രാക്ക് ഏറ്റവും പുതിയ ക്രോണോഗ്രാഫ് വാച്ചുകളുടെ ശേഖരമായ ക്രോണോസ് വിപണിയിലവതരിപ്പിച്ചു. ഷെയ്പ്ഡ് കെയ്സ് ഡിസൈനിന്റെയും ക്രോണോഗ്രാഫ്പ്രവർത്തന ക്ഷമതയുടെയും മികവുറ്റ സംയോജന മാണ് പുതിയ ക്രോണോസ് വാച്ചുകളെന്ന് ഫാസ്റ്റ്ട്രാക്കിന്റെ മാർക്കറ്റിംഗ് മേധാവി ഡാനി ജേക്കബ് പറഞ്ഞു.ക്രോണോസ് വാച്ചുകളിലെ ക്രോണോഗ്രാഫ് ഫീച്ചർ മണിക്കൂർ, മിനിറ്റ്, സെക്കൻഡ് എന്നീ സബ് ഡയലുകൾ ഉപയോഗിച്ച് സമയം അളക്കുന്നു, ചലനാത്മകവും വേഗതയേറിയതുമായ ജീവിതശൈലിയുള്ള പുരുഷന്മാർക്ക് ഏറ്റവും അനുയോജ്യമാണ് ഈ വാച്ചുകൾ.ക്രോണോസ് ശേഖരം തടസങ്ങളില്ലാതെ മുന്നേറുന്നവർക്കും സജീവമായ സാമൂഹിക ജീവിതം ഉള്ളവർക്കുമായി നിർമ്മിച്ചവയാണെന്നും ഡാനി ജേക്കബ് പറഞ്ഞു. ഇന്നത്തെ യുവാക്കൾ സമയം ട്രാക്ക് ചെയ്യുക മാത്രമല്ല ചെയ്യുന്നത്, അവർ അത് സ്വന്തമാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.അതിവിദഗ്ദ്ധമായി രൂപകൽപ്പന ചെയ്യപ്പെട്ട ക്രോണോസ് വാച്ചുകൾ 5,495 രൂപ മുതൽ ലഭ്യമാണ്. ക്രോണോസ് വാച്ചുകൾ ഫാസ്റ്റ്ട്രാക്ക് സ്റ്റോറിലും ലഭ്യമാണ്. കൂടാതെ ടൈറ്റൻ വേൾഡിലും രാജ്യത്തുടനീളമുള്ള മറ്റ് അംഗീകൃത ഡീലർമാരിൽ നിന്നും ക്രോണോസ് ലഭ്യമാണ്.



# കേരള ജെം ആൻഡ് ജ്വല്ലറി ഷോയ്ക്ക് തുടക്കമായി

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ ആഭരണ വ്യാപാരമേളയായ കേരള ജെം ആൻഡ് ജ്വല്ലറി ഷോ (കെജിജെഎസ് 2024) അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ ആൻഡ് എക്സിബിഷൻ സെന്ററിൽ ആരംഭിച്ചു.

കല്യാണ് ജ്വല്ലേഴ്സ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ടി.എസ്. കല്യാണരാമൻ, ഭീമ ജ്വല്ലറി ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ.ബി. ഗോവിന്ദൻ എന്നിവർ സംയുക്തമായി പ്രദർശനം ഉദ്ഘാടനം ചെയ്തു.കല്യാൺ ജൂവലേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ രാജേഷ് കല്യാണരാമൻ, ജയ്പൂർ ജ്വല്ലറി ഷോ സെക്രട്ടറി രാജീവ് ജെയിൻ, കെജിജെഎസ് കൺവീനർമാരായ പി.വി. ജോസ്, സുമേഷ് വധേര, ക്രാന്തി നാഗ്വേക്കർ; തങ്കമയിൽ ജ്വല്ലറി ലിമിറ്റഡ് എംഡി ബി.എ.രമേഷ്, കർണാടക ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം ഡോ.ടി.എ. ശരവണ, പീജെ ജുവൽസ് ഡയറക്ടർ മിൽട്ടൻ ജോസ് എന്നിവരും ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.കേരളത്തിന്റെ തനതായ സാംസ്കാരിക ചിഹ്നമെന്ന നിലയിലും, വിപണിയിലെ ഏറ്റക്കുറച്ചിലുകൾ പ്രതിരോധിക്കാൻ ശേഷിയുള്ള സുരക്ഷിത നിക്ഷേപമായുമാണ് സ്വർണ്ണാഭരണങ്ങൾക്ക് ജനപ്രിയത കൈവന്നതെന്ന് ടി.എസ്. കല്യാണരാമൻ പറഞ്ഞു.ജ്വല്ലറി നിർമ്മാതാക്കളുടെയും കച്ചവടക്കാരുടെയും സമഗ്രമായ വളർച്ച ലക്ഷ്യമിട്ടാണ് വ്യാപാരമേള സംഘടിപ്പിക്കുന്നത്.

സ്വർണം, വജ്രം, പ്ലാറ്റിനം, വെള്ളി , അനുബന്ധ വസ്തുക്കൾ, നൂതന ഉപകരണങ്ങൾ സാങ്കേതികവിദ്യകൾ എന്നിവയ്ക്കായുള്ള പവലിയനുകൾ ഉൾക്കൊള്ളുന്ന ഏകദേശം 200 സ്റ്റാളുകൾ എക്സ്പോയിൽ പ്രദർശനത്തിനുണ്ട്.ത്രീഡി ഡിസൈൻ സോഫ്റ്റ്‌വെയർ, വെർച്വൽ രൂപാവിഷ്കാരങ്ങൾ, എ.ഐ അടിസ്ഥാനമാക്കിയുള്ള കസ്റ്റമൈസേഷൻ തുടങ്ങിയ അത്യാധുനിക ഡിജിറ്റൽ ടൂളുകൾ മേളയിൽ പ്രദർശനത്തിനുണ്ട്. രാജ്യത്തുടനീളമുള്ള ആഭരണ നിർമ്മാതാക്കൾ, ജ്വല്ലറി ആർട്ടിസൻസ്, പ്രമുഖ ഡിസൈനർമാർ, സാങ്കേതികവിദ്യാ സേവന ദാതാക്കൾ, മൊത്തക്കച്ചവടക്കാർ, റീട്ടെയിൽ ജ്വല്ലറികൾ അന്താരാഷ്ട്ര സ്ഥാപനങ്ങൾ തുടങ്ങിയവരാണ് മേളയിൽ പങ്കെടുക്കുന്നതെന്ന് ആർട്ട് ഓഫ് ജ്വല്ലറി മാനേജിംഗ് ഡയറക്ടറും ചീഫ് എഡിറ്ററുമായ സുമേഷ് വിധേയരായി പറഞ്ഞു.

രാവിലെ 10:00 മുതൽ വൈകിട്ട് 6:00 വരെയാണ് എക്സിബിഷൻ. ജ്വല്ലറി ഡീലർമാർ, ആർട്ടിസൻസ് എന്നിവരുൾപ്പെടെയുള്ള വ്യാപാര പ്രൊഫഷണലുകൾക്ക് ബിസിനസ്സ് ബന്ധം മെച്ചപ്പെടുത്താനും ഏറ്റവും പുതിയ വ്യവസായ രീതികൾ മനസ്സിലാക്കാനുമുള്ള മികച്ച അവസരമാണ് ബി.ടു.ബി ഷോ ഒരുക്കുന്നത്.

16 വയസ്സിന് മുകളിലുള്ളവർക്ക് മാത്രം പ്രവേശനം.പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിക്കില്ല. മേള ഞായറാഴ്ച്ച സമാപിക്കും.

# ആക്സിസ് ബാങ്ക് 'എറൈസ് വിമൺസ് സേവിങ്സ് അക്കൗണ്ട്' അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് ബാങ്ക് എറൈസ് വിമൺ സേവിങ്സ് അക്കൗണ്ട് അവതരിപ്പിച്ചു. ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി, എക്സിക്യൂട്ടീവ് ഡയറക്ടർ മുനീഷ് ഷർദ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ സെയിൽഫോഴ്സ് ഇന്ത്യ ചെയർപേഴ്സണും സിഇഒയുമായ അരുദ്ധതി ഭട്ടാചാര്യയാണ് അക്കൗണ്ട് അവതരിപ്പിച്ചത്. വനിതകളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്ന സമഗ്ര സേവനങ്ങളും ആരോഗ്യ പരിചരണ നേട്ടങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ് 'എറൈസ് വിമൺസ് സേവിങ്സ് അക്കൗണ്ട്' എന്ന് ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു. പ്രത്യേക വനിതാ സാമ്പത്തിക വിദഗ്ദ്ധർ, ആരോഗ്യം, ജീവിത ശൈലി, കുടുംബം എന്നിവയ്ക്ക് പിന്തുണ നൽകുന്ന നേട്ടങ്ങൾ തുടങ്ങി വനിതകളുടെ സവിശേഷമായ ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിലാണ് ഇത്. പ്രാഥമിക ഫണ്ടിങ് ഇല്ലാതെ കുട്ടികളുടെ അക്കൗണ്ടുകൾ




ലിങ്കു ചെയ്യാനുള്ള സൗകര്യം, ചെറുതും ഇടത്തരവുമായ ലോക്കറുകൾക്ക് ആദ്യ വർഷം വാടക ഒഴിവാക്കൽ, പിഒഎസുകളിൽ അഞ്ചു ലക്ഷം രൂപ വരെയും എടിഎമ്മുകളിൽ ഒരു ലക്ഷം രൂപ വരെയും പരിധിയുള്ള അറൈസ് ഡെബിറ്റ് കാർഡുകൾ, കോംപ്ലിമെൻററി ആയി നിയോ ക്രെഡിറ്റ് കാർഡുകൾ തുടങ്ങിയ നേട്ടങ്ങൾ ഈ അക്കൗണ്ടിന്റെ ഭാഗമായി ലഭിക്കുമെന്നും അമിതാഭ് ചൗധരി പറഞ്ഞു. വനിതകളുടെ ദൈനംദിന ആവശ്യങ്ങളോടുള്ള തങ്ങളുടെ പ്രതികരണമാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഹെൽത്ത് കെയർ ഫണ്ടുമായി ബജാജ് ഫിൻസെർവ് എഎംസി

**കൊച്ചി:** ആരോഗ്യ, ക്ഷേമ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിക്ഷേപിച്ചു ദീർഘകാലാടിസ്ഥാനത്തിൽ വളർച്ച സൃഷ്ടിക്കുവാൻ ലക്ഷ്യമിട്ട് ബജാജ് ഫിൻസെർവ് എഎംസി ബജാജ് ഫിൻസെർവ് ഹെൽത്ത് കെയർ ഫണ്ട് അവതരിപ്പിച്ചു. ഡിസംബർ 6 മുതൽ ഈ ഫണ്ട് സബ്സ്ക്രൈബ് ചെയ്യുവാനായി ലഭ്യമാകും. പുതിയ ഫണ്ടിന്റെ ഓഫർ കാലയളവ് 2024 20ന് അവസാനിക്കുകയും ചെയ്യും.ഫാർമസ്യൂട്ടിക്കൽ, ആശുപത്രി, രോഗനിർണയ, ക്ഷേമ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കമ്പനികളുടെ ഓഹരികളിലും ഓഹരി ബന്ധിതമായ ഇൻസ്ട്രുമെന്റുകളിലും നിക്ഷേപിച്ചു കൊണ്ട് ദീർഘകാലാടിസ്ഥാനത്തിൽ സമ്പത്ത് സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് അനുയോജ്യമാണ് ബജാജ് ഫിൻസെർവ് ഹെൽത്ത് കെയർ ഫണ്ട്. 5 വർഷം അല്ലെങ്കിൽ അതിൽ കൂടുതൽ കാലയളവിലേക്ക് നിക്ഷേപം നടത്തുവാൻ ആഗ്രഹിക്കുന്നവർക്കും അനുയോജ്യമാണിതെന്ന്ബജാജ് ഫിൻസെർവ് എ എം സി, സി ഇ ഒ ഗണേഷ് മോഹൻ പറഞ്ഞു.

ദീർഘകാലാടിസ്ഥാനത്തിലുള്ള സമ്പത്ത് സൃഷ്ടിക്കുന്നതിന് വൻ തോതിലുള്ള അവസരങ്ങളും സാധ്യതകളും നൽകുന്ന ഒന്നാണ് ആരോഗ്യ പരിപാലന മേഖലയെന്ന് ബജാജ് ഫിൻസെർവ് എഎംസി സിഐഒ നിമേഷ് ചന്ദൻ പറഞ്ഞു.

ഏറ്റവും ചുരുങ്ങിയ അപേക്ഷാ തുക 500 രൂപയാണ് (പുറമേ ഒരു രൂപയുടെ ഇരട്ടിപ്പുകളും). ചുരുങ്ങിയ അധിക അപേക്ഷ 100 രൂപയാണ് (അതോടൊപ്പം ഒരു രൂപയുടെ ഇരട്ടിപ്പുകളും). അലോട്ട് ചെയ്ത തീയതി കഴിഞ്ഞ് 3 മാസത്തിനുള്ളിൽ നിക്ഷേപം പണമാക്കി മാറ്റുകയാണെങ്കിൽ 1% എക്സിറ്റ് ലോഡ് ബാധകമാണ്. ഗ്രോത്ത്, ഐഡിസിഡബ്ലിയു(ഇൻ കം ഡിസ്ട്രിബ്യൂഷൻ കം ക്യാപിറ്റൽ വിത്ത്ഡ്രോവൽ) എന്നിവ ഒരുപോലെ തെരഞ്ഞെടുക്കൽ വാഗ്ദാനം നൽകുന്നു ഫണ്ട്.

# ഡച്ച് മെഡിക്കൽ ഫുഡും പ്രിസ്റ്റീൻ പേൾ ഫാർമയും സഹകരണത്തിന്

**തിരുവനന്തപുരം:** ഡച്ച് മെഡിക്കൽ ഫുഡ് ബി.വി ലിമിറ്റഡും, പ്രിസ്റ്റീൻ പേൾ ഫാർമ പ്രൈവറ്റ് ലിമിറ്റഡും സഹകരണം പ്രഖ്യാപിച്ചു. ഇതിന്റെ ഭാഗമായി ഇന്ത്യയിൽ നടന്ന നാഷണൽ പൾമണറി കോൺഫറൻസിൽ ശ്വാസകോശ സംബന്ധമായ അസുഖങ്ങളെ പ്രതിരോധിക്കാൻ ലക്ഷ്യമിട്ടുള്ള പ്രത്യേക പോഷക ഉൽപന്നങ്ങളുടെ അവതരണം പ്രഖ്യാപിച്ചു. ഈ സൊല്യൂഷനുകൾ അവതരിപ്പിക്കുന്നതിലൂടെ, ചികിത്സാ പ്രോട്ടോക്കോളുകളുമായി സംയോജിപ്പിക്കുന്ന ഫലപ്രദമായ പോഷക ഉപകരണങ്ങൾ ഉപയോഗിച്ച് ഇന്ത്യയിലെ ആരോഗ്യ സംരക്ഷണ വിദഗ്ധരെ ശാക്തീകരിക്കുക എന്നതാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് സഹസ്ഥാപകനായ ഡോ.റോൾഫ് സ്മീറ്റ്സ് പറഞ്ഞു. രാജ്യവ്യാപകമായി രോഗികളുടെ ഫലങ്ങൾ മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ഉയർന്ന നിലവാരമുള്ള, തെളിവുകൾ അടിസ്ഥാനമാക്കിയുള്ള പോഷണ പരിഹാരങ്ങൾ എത്തിക്കുന്നതിനുള്ള തങ്ങളുടെ സമർപ്പണമാണ് അവതരണം പ്രകടമാക്കുന്നതെന്ന് പ്രിസ്റ്റീൻ പേൾ മാനേജിങ് ഡയറക്ടർ എസ്.എം അയൂബ് പറഞ്ഞു. ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ്, മറ്റ് ശ്വാസകോശ സംബന്ധമായ അവസ്ഥകൾ എന്നിവയുള്ള രോഗികളെ സഹായിക്കുന്നതിനും രോഗമുക്തിയെയും മൊത്തത്തിലുള്ള ജീവിത നിലവാരത്തെയും സ്വാധീനിക്കുന്ന അവശ്യ പോഷക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും വേണ്ടിയാണ് നൂതന ഉത്പന്നങ്ങൾ രൂപകൽപന ചെയ്തിരിക്കുന്നത്. ഇന്ത്യയിൽ ഏകദേശം 55.3 ദശലക്ഷം ആളുകളെ ബാധിക്കുന്ന സിഒപിഡി, വൈകല്യത്തിന്റെയും മരണത്തിന്റെയും പ്രധാന കാരണങ്ങളിലൊന്നാണ്.

# വനിതകൾക്ക് തൊഴിൽ പരിശീലനവുമായി ഇസാഫ്

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷൻ വനിതകൾക്കായി ഹെൽത്ത് ഡ്രിങ്ക്സ്, സ്ക്വാഷ്, ജാം എന്നിവയിൽ ഈമാസം 11നും 12നും പരിശീലനം നൽകുന്നു. ആലുവ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക; 9072600771, 04843548159

# ഏഥർ ഗോൾഡ് സർവീസ് സെന്റർ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഇവി ടൂവീലർ വ്യവസായത്തിലെ അഗ്രഗാമികളായ ഏഥർ എനർജിയുടെ സഹസ്ഥാപകനും സി.ഇ.ഒ.യുമായ തരുൺ മേത്ത ഉയർന്ന തലത്തിലുള്ള സേവന അനുഭവമായ പുതിയ ഏഥർ ഗോൾഡ് സർവീസ് സെന്ററുകൾ ആരംഭിക്കുന്നതായി എക്സിൽ ട്വീറ്റിലൂടെ പ്രഖ്യാപിച്ചു. മഹാരാഷ്ട്രയിലെ നാസിക്കിലാണ് ആദ്യ ഏഥർ ഗോൾഡ് സർവീസ് സെന്റർ ആരംഭിച്ചത്.




# കുട്ടികളുടെ സുരക്ഷ ഉറപ്പാക്കാൻ കേരള പോലീസുമായി സഹകരിച്ച് വി

**പത്തനംതിട്ട:** ശബരിമലയിൽ എത്തുന്ന കുട്ടികൾ കൂട്ടം തെറ്റിപ്പോയാൽ കണ്ടെത്തുന്നതിനായി കേരള പോലീസ് വകുപ്പുമായി ഇന്ത്യയിലെ മുൻനിര ടെലികോം ഓപ്പറേറ്ററായ വി സഹകരിക്കുന്നു. കുട്ടികളുമായി എത്തുന്ന

അയ്യപ്പഭക്തർ പമ്പയിലെ വി സുരക്ഷാ കിയോസ്ക് സന്ദർശിച്ച് രക്ഷിതാവിന്റെയോ കുടുംബാംഗത്തിന്റെയോ മൊബൈൽ നമ്പറിൽ രജിസ്റ്റർ ചെയ്താൽ ക്യൂആർ കോഡ് ബാൻഡ് ലഭിക്കും. അത് കുട്ടിയുടെ കൈത്തണ്ടയിൽ കെട്ടാം.

കൂട്ടം തെറ്റുന്ന കുട്ടിയെ കണ്ടെത്തുമ്പോൾ അടുത്തുള്ള കേരള പോലീസ് ചെക്ക് പോസ്റ്റിൽ ഏൽപ്പിക്കാം അവിടെ പോലീസ് ബൂത്തിൽ, ഉദ്യോഗസ്ഥർ ക്യൂആർ കോഡ് സ്കാൻ ചെയ്ത് രക്ഷിതാവിന്റെയോ കുടുംബാംഗത്തിന്റെയോ രജിസ്റ്റർ ചെയ്ത നമ്പറിലേക്ക് വിളിക്കുന്നതിലൂടെ ബൂത്തിൽ വന്ന് രക്ഷിതാക്കൾക്ക് അവരുടെ കുട്ടിയെ കൂട്ടിക്കൊണ്ടു പോകാം. പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നടന്ന ചടങ്ങിൽ വോഡഫോൺ ഐഡിയ ലിമിറ്റഡ് കേരള വൈസ് പ്രസിഡൻറും സർക്കിൾ ഓപ്പറേഷൻസ് വിഭാഗം മേധാവിയുമായ ബിനു ജോസ്, പത്തനംതിട്ട അഡീഷണൽ പോലീസ് സൂപ്രണ്ട് ആർ. ബിനു, പത്തനംതിട്ട സൈബർ സെൽ സബ് ഇൻസ്പെക്ടർ അരവിന്ദാക്ഷൻ നായർ പി.ബി എന്നിവരുടെ സാന്നിധ്യത്തിൽ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ് കുമാർ ഐപിഎസ് ക്യൂആർ കോഡ് ബാൻഡ് ഔദ്യോഗികമായി അവതരിപ്പിച്ചു.സാങ്കേതിക വിദ്യയിലൂന്നി ദൈനംദിന ജീവിത അനായാസമാക്കുന്നതിലാണ് തങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് വോഡഫോൺ ഐഡിയ ലിമിറ്റഡ് കേരള വൈസ് പ്രസിഡൻറും സർക്കിൾ ഓപ്പറേഷൻസ് വിഭാഗം മേധാവിയുമായ ബിനു ജോസ് പറഞ്ഞു. ഓരോ വർഷവും 4550 ദശലക്ഷം തീർത്ഥാടകരാണ് ശബരിമലയിൽ എത്തുന്നത്. മണ്ഡലകാലത്ത് പ്രത്യേകിച്ച് മകരവിളക്ക് സമയത്തെ തിരക്കിൽ കുട്ടികൾ കൂട്ടം തെറ്റുന്നത് പതിവാണ്. ഈ സാഹചര്യത്തിൽ കേരള പോലീസിന് വിയുടെ ക്യൂആർ കോഡ് ബാൻഡ് വളരെയധികം സഹായകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സാങ്കേതികവിദ്യ ജീവിതത്തിൻറെ എല്ലാ മേഖലകളിലും നിർണ്ണായകമായ ഈ കാലഘട്ടത്തിൽ എല്ലാ മണ്ഡല, മകരവിളക്ക് കാലത്ത് അഭിമുഖീകരിക്കുന്ന ആശങ്കകളിലൊന്ന് പരിഹരിക്കുന്നതിന് വിയുമായി സഹകരിച്ച് അതിൻറെ സാങ്കേതിക സഹായം നടപ്പിലാക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ് കുമാർ ഐപിഎസ് പറഞ്ഞു.

തിരക്കിൽ കൂട്ടം തെറ്റുന്ന കുട്ടികളെ സുരക്ഷിതരായി രക്ഷാകർത്താക്കൾക്ക് തിരികെ ഏൽപ്പിക്കുന്നതിൽ വി സുരക്ഷാ ക്യൂആർ കോഡ് ബാൻഡ് പോലീസിന് വളരെയധികം സഹായകരമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ക്യൂആർ കോഡ് ബാൻഡുകൾ തീർഥാടന കാലത്ത് ആക്റ്റീവ് ആയിരിക്കും. അവ കൈമാറ്റം ചെയ്യാനാകില്ല.

## വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റ്: കുട്ടികൾക്ക് പട്ടം നിർമ്മാണ ക്യാമ്പ്

**കൊച്ചി:** ദ്വീപിലെ വിവിധ വേദികളിലായി നടക്കുന്ന വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റിൽ കുട്ടികൾക്കായി പട്ടം നിർമ്മാണ പറപ്പിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഈ മാസം 28ന് നടക്കുന്ന ക്യാമ്പ് നയിക്കുന്നത് പട്ടം പറപ്പിക്കൽ വിദഗ്ദ്ധൻ രാജേഷ് നായരാണ്. ആരാധകരെയേറെയുള്ള പട്ടം പറത്തൽ, കേവലം ഒരു വിനോദമെന്നതിനുപരി കുട്ടികളുടെ സർഗാത്മകതയും ഏകാഗ്രതയും പരിപോഷിപ്പിക്കാൻ സഹായിക്കുന്ന ഒന്നാണ്. ലോകപ്രശസ്തമായ ധാരാളം പട്ടം പറത്തൽ മേളകൾക്ക് സമാനമായി വിവിധ രൂപത്തിലും വലിപ്പത്തിലുമുള്ള പട്ടങ്ങൾ നിർമിക്കാനും പരിചയപ്പെടാനും ക്യാമ്പ് വഴിയൊരുക്കും.കുഴുപ്പിള്ളി ഇന്ദ്രിയ സാൻഡ്സ് റിസോർട്ടിൽ ഉച്ചക്ക് 2 മണിക്ക് ആരംഭിക്കുന്ന ക്യാമ്പിൽ പ്രവേശനം ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമായി ചുരുക്കിയിട്ടുണ്ട്. 150 രൂപയാണ് പ്രവേശന ഫീസ്. ഗൂഗിൾപേ നമ്പർ 9048061490(അമ്പിളി). കൂടുതൽ വിവരങ്ങൾക്ക് 98950 81866 എന്ന നമ്പറിൽ ബന്ധപ്പെടാം.

## മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ടുമായി സാംകോ മ്യൂച്വൽ ഫണ്ട്

**കൊച്ചി:** പ്രമുഖ നിക്ഷേപക സ്ഥാപനമായ സാംകോ അസറ്റ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ്, മൾട്ടി അസറ്റ് അലോക്കേഷൻ വിഭാഗത്തിൽപ്പെടുന്ന പുതിയു ഫണ്ട് ഓഫർ പ്രഖ്യാപിച്ചു. വിപണിയുടെ ഏറ്റക്കുറച്ചിലുകൾക്ക് അനുസരിച്ച് ഓഹരികൾ സ്വർണം, കടപ്പത്രം എന്നിവയിലേക്ക് നിക്ഷേപങ്ങൾ വീതിച്ച് പരമാവധി ലാഭമുണ്ടാക്കുകയും നഷ്ടസാധ്യതകൾ ഒഴിവാക്കുകയും ചെയ്യുന്നതാണ് സാംകോ മൾട്ടി അസറ്റ് അലോക്കേഷൻ ഫണ്ട്.5000 രൂപയാണ് ഈ ഫണ്ടിൽ നിക്ഷേപിക്കാവുന്ന ഏറ്റവും കുറഞ്ഞ തുക. ഡിസംബർ 18ാണ് എൻ എഫ് ഒയുടെ അവസാന തിയതി. കമ്പനി സ്വന്തമായി വികസിപ്പിച്ചെടുത്ത റൊട്ടെറ്റ് തന്ത്രത്തെ അടിസ്ഥാനമാക്കിയാണ് ഫണ്ടിന്റെ പ്രവർത്തനം.

## ഉദര സംബന്ധമായ ക്യാൻസർ ;സ്ക്രീനിംഗ് പാക്കേജ് അവതരിപ്പിച്ച് അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ

**കൊച്ചി:** ഉദര സംബന്ധമായ ക്യാൻസർ പരിശോധനകൾക്കായി പ്രത്യേക പാക്കേജ് അവതരിപ്പിച്ച് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രി. ഗ്യാസ്ട്രോ സയൻസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ ക്യാൻസർ സ്ക്രീനിങ്, അൾട്രാസൗണ്ട്, കൊളനോസ്കോപ്പി/ ഒജിഡി സ്കോപ്പി ഉൾപ്പെടെ 20ലധികം പരാമീറ്റർ ചെക്കപ്പുകൾ നിലവിൽ 4999 രൂപയ്ക്ക് ലഭ്യമാകും. പാൻക്രിയാറ്റിക് കാൻസർ അവെയർനെസ്സ് മാസമായ നവംബറിനോട് അനുബന്ധിച്ച് തുടങ്ങിയ ഗ്യാസ്ട്രോ ഇന്റസ്റ്റൈനൽ ക്യാൻസർ സ്ക്രീനിംഗ് പാക്കേജ് ഡിസംബർ 20 വരെയാണ് ലഭ്യമാവുക. ഇതോടൊപ്പം ശസ്ത്രക്രിയകൾക്കായുള്ള പ്രത്യേക പാക്കേജുകൾ, ഇൻഷുറൻസ്, മെഡിസെപ് സേവനങ്ങൾ തുടങ്ങിയവയുംലഭ്യമാണ്.ബുക്കിങ്ങിനായി ബന്ധപ്പെടുക: +91 813 797 4649

# 36വാട്സ് എൽഇഡി മോഡ്യൂളുമായി ക്വാട്ട് ടെക്നോളജീസ്

**കൊച്ചി:** സ്റ്റാർട്ട് അപ്പ് കമ്പനിയായ ക്വാട്ട് ടെക്നോളജീസ് ഇന്ത്യയിൽ ആദ്യമായി 10 വർഷ വാറന്റിയോടു കൂടിയുള്ള 36 വാട്സിന്റെ എൽഇഡി മോഡ്യൂൾ പുറത്തിറക്കി. കുറഞ്ഞ വൈദ്യുതി ഉപയോഗത്തിൽ കൂടുതൽ പ്രകാശം എന്നതാണ് ഇതിന്റെ പ്രത്യേകത. അധിത കാലം ഈടു നിൽകുന്നതും ഐപി67 റേറ്റിങ്ങോടു കൂടിയുമാണ് ഇത് നിർമിച്ചിട്ടുള്ളതെന്ന് ക്വാട്ട് ടെക്നോളജീസ് സഹസ്ഥാപകൻ പ്രേംനാഥ് പറയത്ത് പറഞ്ഞു.വ്യവസായ നിലവാരത്തെ തന്നെ പുനർ നിർവചിക്കാൻ കഴിവുള്ളതാണ് തങ്ങളുടെ ഈ ഉപകരണമെന്ന് ക്വാട്ട് ടെക്നോളജീസ് സഹസ്ഥാപകൻ പ്രേംനാഥ് പറയത്ത് പറഞ്ഞു. നിലവിലെ ഉപകരണങ്ങളെ അപേക്ഷിച്ച് വൈദ്യുതി ഉപയോഗം 50




ശതമാനം വരെ കുറയ്ക്കാൻ ഇതിനാകും. ദീർഘകാലം ഈടുനിൽകുന്ന തരത്തിൽ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിച്ചാണ് ഇത് നിർമിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.സുസ്ഥിര സംവിധാനങ്ങൾ പുറത്തിറക്കി സാമൂഹിക പ്രതിബദ്ധതയുള്ള ബ്രാൻഡായി മാറുന്നതിൽ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് ക്വാട്ട് ടെക്നോളജീസ് സഹസ്ഥാപകൻ കിരൺ ജെയിംസ് പറഞ്ഞു. കുറഞ്ഞ ചെലവിലും കുറഞ്ഞ വൈദ്യുതി ഉപഭോഗത്തിലും പുറത്തിറക്കിയ ഈ ഉപകരണം വഴി ഈ മേഖലയിൽ വലിയ ചാഞ്ചാട്ടം ഉണ്ടാക്കാൻ തങ്ങൾക്ക് സാധിക്കമെന്നും അദ്ദേഹം പറഞ്ഞു.കഴിഞ്ഞ രണ്ട് വർഷത്തിൽ 40ലധികം അന്താരാഷ്ട്ര കോർപ്പറേറ്റ് ഉപഭോക്താക്കളെ കൈവരിച്ചതിലൂടെ സിഗ്നേജ്, ലൈറ്റിംഗ് വ്യവസായത്തിൽ മുഖ്യപങ്ക് വഹിക്കാൻ ക്വാട്ട് ടെക്നോളജീസിന് സാധിച്ചു. കമ്പനിയുടെ നൂതന ഉത്പ്പന്നമായ ഐഒടി സ്മാർട്ട് ടൈം സ്വിച്ചുകളും വിപണിയിൽ ക്വാട്ട് ടെക്നോളജീസിന്റെ സ്ഥാനം ഉറപ്പിച്ചു. 2024ലെ ടൈംസ് ബിസിനസ് അവാർഡിൽ ക്വാട്ട് ടെക്നോളജീസിനെ 'ഇന്ത്യയിലെ വിജയ സാധ്യതയുള്ള ടെക്നോളജി സ്റ്റാർട്ടപ്പ്' പദവി നൽകി ആദരിച്ചു.

# ഐടെൽ സ്റ്റാർ 110 എഫ് പവർ ബാങ്കും വോൾട്ടെക്സ് 65 ചാർജറും പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സാങ്കേതികവിദ്യാ ബ്രാൻഡായ ഐടെൽ സ്റ്റാർ 110 എഫ് പവർ ബാങ്കുകളുടെയും വോൾട്ടെക്സ് 65 ജിഎഎൻ ചാർജറുകളുടെയും എക്സ്ക്ലൂസീവ് ശ്രേണി പുറത്തിറത്തി. അതിവേഗ ചാർജിംഗും ഉയർന്ന കാര്യക്ഷമതയും നൽകുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ഉൽപ്പന്നങ്ങൾ ഓൺലൈൻ ഓഫ്ലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഉദ്ഘാടന ഓഫറിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഇപ്പോൾ ഇവ 40 ശതമാനം വിലക്കുറവിൽ ആമസോണിൽ ലഭിക്കും. സ്റ്റാർ 110 എഫ് പവർബാങ്ക് 1499 രൂപയ്ക്കും വോൾട്ടെക്സ് 65 ജിഎഎൻ ചാർജർ 1,799 രൂപയ്ക്കും ഇപ്പോൾ വാങ്ങാം.വോൾട്ടെക്സ് 65 ചാർജറിൽ ഡ്യുവൽ ടൈപ്പ്സി പോർട്ടുകളും 65വാട്ട് ചാർജിംഗ് ഫീച്ചറും ഉൾപ്പെടുന്നു, ഇതുകൊണ്ട് സ്മാർട്ട് ഫോണുകളും ലാപ്ടോപ്പുകളും ചാർജ് ചെയ്യാവുന്നതാണ്. ഈ ചാർജർ മറ്റുള്ളവയെ അപേക്ഷിച്ച് മൂന്നു മടങ്ങ് വരെ വേഗതയുള്ള ചാർജിംഗ് വാഗ്ദാനം ചെയ്യുന്നു. ആർജിബി ലൈറ്റിങ്ങും ഡിസ്പ്ലേയുമുള്ള സുതാര്യമായ ഡിസൈൻ ഉൾക്കൊള്ളുന്ന സ്റ്റാർ 110 എഫ് പവർ ബാങ്കിന് 10,000 എംഎഎച്ച് ബാറ്ററിയും 22.5 വാട്ട് അതിവേഗ ചാർജിംഗ് പിന്തുണയും ഉണ്ട്. ഇത് വെറും 30 മിനിറ്റിനുള്ളിൽ സ്മാർട്ട് ഫോൺ 58% വരെ ചാർജ് ചെയ്യാൻ കഴിവുള്ളതാണ്. രണ്ട് യുഎസ്ബിഎ പോർട്ടുകളും വിവിധ ഉപകരണങ്ങൾ ചാർജ് ചെയ്യുന്നതിനുള്ള ഒരു ടൈപ്പ്സി ഔട്ട്പുട്ടും മൈക്രോ യുഎസ്ബി, ടൈപ്പ് സി എന്നിവയുടെ ഇരട്ട ഇൻപുട്ടുകളും ഇതിലുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.




# ഐപിആർയു എഡ്ജ് അഡ്വൈസർമാർക്ക് നേട്ടമെന്ന് മണികണ്ഠൻ രാജാമണി



**കൊച്ചി:** ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്, അതിന്റെ അഡ്വൈസർമാർക്ക് മാത്രമായി രൂപകൽപന ചെയ്ത മൊബൈൽ ആപ്പായ ഐപിആർയു എഡ്ജ്, 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ അഡ്വൈസർമാരുടെ ഉത്പാദനക്ഷമതയിൽ 37 ശതമാനം വർധനവിനും അവരുടെ ഉയർന്ന വരുമാനത്തിനും വഴിയൊരുക്കിയതായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ പ്രൊപ്രൈറ്ററി ചാനൽ ചീഫ് ഓഫ് സെയിൽസ് മണികണ്ഠൻ രാജാമണി പറഞ്ഞു.ഐപിആർയു എഡ്ജ് ഉപയോഗിക്കുന്ന 98.1% ഏജന്റുമാർക്കും അതേ ദിവസം തന്നെ കമ്മീഷനുകൾ ലഭിക്കുകയും ചെയ്തു. തിരഞ്ഞെടുത്ത ഡിസ്ട്രിബ്യൂട്ടർമാർക്ക് അതേ ദിവസം കമ്മീഷൻ നൽകുന്ന ആദ്യത്തെ ലൈഫ് ഇൻഷുറർ ആണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്. 2 ലക്ഷത്തിലധികം അഡ്വൈസർമാരുടെ ശൃംഖലയാണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫിനുള്ളത്. കമ്പനിയുടെ ഏകദേശം 61% അഡ്വൈസർമാരും അവരുടെ ബിസിനസ് വളർത്താൻ സഹായിക്കുന്ന ആപ്പ് ഇപ്പോൾ സജീവമായി ഉപയോഗിക്കുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങളേക്കാൾ പുതിയ ബിസിനസ് വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായകരമായ വിധത്തിൽ ഏജന്റുമാർക്കുള്ള ഒരു ഓഫീസായാണ് മൊബൈൽ ആപ്പ് പ്രവർത്തിക്കുന്നത്. 2025 സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതിയിൽ, കമ്പനി അതിന്റെ ഏജൻസി ചാനലിൽ നിന്നുള്ള റീട്ടെയിൽ വെയ്റ്റഡ് പ്രീമിയത്തിൽ വർഷം തോറും 49% വർധനവാണ് രേഖപ്പെടുത്തിയത്. ഐപിആർയു എഡ്ജ് ഞങ്ങളുടെ ഏജന്റുമാരെ അവരുടെ ബിസിനസ് വളർത്തിയെടുക്കാൻ പ്രാപ്തമാക്കിയിരിക്കുന്നുവെന്നും മണികണ്ഠൻ രാജാമണി പറഞ്ഞു.

# ഐക്യൂ 13 അവതരിപ്പിച്ചു

**കൊച്ചി:** എക്കാലത്തേയും ഏറ്റവും വേഗതയേറിയ പ്രൊസസ്സറുമായി ക്വാൽകോം സ്നാപ്ഡ്രാഗൺ 8 എലൈറ്റ് ചിപ്സെറ്റിന്റെ പിന്തുണയോടെ ഐക്യൂ രാജ്യത്തെ ഏറ്റവും വേഗതയേറിയ സ്മാർട്ട് ഫോണുകളിൽ ഒന്നായ ഐക്യൂ 13 അവതരിപ്പിച്ചു. ലോകത്തിലെ ആദ്യ ക്യൂ 10 2കെ 144 ഹെർട്ട്സ് അൾട്രാ ഐ കെയർ ഡിസ്പ്ലെ അടക്കമുള്ള സവിശേഷതകളുമായാണ് ഇതെത്തുന്നതെന്ന് ഐക്യൂ ഇന്ത്യ ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ നിപുൻ മൗര്യ പറഞ്ഞു.




51,999 രൂപ മുതലുള്ള നെറ്റ് എഫക്ടീവ് വിലയുമായി ഡിസംബർ അഞ്ചിന് 12 മണി മുതൽ ഇത് ആമസോണിലും ഐക്യൂ ഇ സ്റ്റോറിലും പ്രീ ബുക്കിങ്ങിനു ലഭ്യമാകും. വിവി എക്സ്ക്ലൂസീവ് സ്റ്റോറുകളിലും മറ്റ് മെയിൻലൈൻ സ്റ്റോറുകളിലും ഇതു ലഭ്യമാകും. 12 ജിബി, 256 ജിബി വേരിയന്റിന് 54,999 രൂപയാണ് വില. ഇതിന്റെ നെറ്റ് എഫക്ടീവ് വില 51,999 രൂപയായിരിക്കും.

16 ജിബി, 512 ജിബി വേരിയന്റിന് 59,999 രൂപയാണ് വില. നെറ്റ് എഫക്ടീവ് വില 56,999 രൂപയായിരിക്കും. പ്രീ ബുക്കിങ്ങിനു ശേഷം ഡിസംബർ 11ന് 12 മണി മുതൽ ഇത് വിവ എക്സിക്ലൂസീവ് സ്റ്റോറുകൾ, എക്യൂ ഇസ്റ്റോറുകൾ, ആമസോൺ എന്നിവിടങ്ങളിൽ ലഭ്യമാകുമെന്നും ഐക്യൂ ഇന്ത്യ ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ നിപുൻ മൗര്യ പറഞ്ഞു.

# ഇസുസു ഐകെയർ വിന്റർ ക്യാമ്പ് ഈ മാസം 14 വരെ

**കൊച്ചി:** ഇസുസു മോട്ടോർ ഇന്ത്യ ഐകെയർ വിന്റർ ക്യാമ്പ് പ്രഖ്യാപിച്ചു. ഇസുസു ഡിമാക്സ് പിക്ക്അപ്പുകൾക്കും എസ് യു വികൾക്കും വേണ്ടി രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ സർവീസ് ക്യാമ്പ് ഈ മാസം 9 മുതൽ 14 വരെയാണ്.

കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലെ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിൽ ഈ കാലയളവിൽ ഉപഭോക്താക്കൾക്ക് സർവീസിനായി പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും. സർവീസ് ബുക്കിംഗിനായി ഉപഭോക്താക്കൾക്ക് അടുത്തുള്ള ഇസുസു ഡീലർ ഔട്ട്ലെറ്റിൽ ബന്ധപ്പെടാവുന്നതാണ്.

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663